2015
Oct- Nov

Volume
41

No.06

# ബത്തേരി രൂപതാ ബുള്ളറ്റിൻ
# Exodus



അഭിവന്ദ്യ ബനഡിക്ട് മാർ ഗ്രിഗോറിയോസ്
തിരുമേനിയുടെ 21-ാം ഓർമ്മതിരുന്നാൾ
(ഒക്ടോബർ 10)

# നാമഹേതുക തിരുന്നാൾ ആശംസകൾ

നവംബർ 29




മോസ്റ്റ്. റവ. ഡോ. ഗീവർഗ്ഗീസ്
മാർ ദിവന്നാസിയോസ്

നവംബർ 13



മോസ്റ്റ്. റവ. ഡോ. യൂഹാനോൻ
മാർ ക്രിസോസ്റ്റം



അഭിവന്ദ്യ പൗലോസ് മാർ പീലക്സിനോസ്
തിരുമേനിയുടെ ഓർമ്മ തിരുന്നാൾ
(നവംബർ 3)

# Exodus

വോള്യം 41 ഒക്ടോബർ 2015 ലക്കം 6

## Bulletin Team

PATRON
Most Rev. Dr. Joseph Mar Thomas


CO-PATRONS
Msgr. Dr. Varghese Thannickakuzhy
Msgr. Dr. Thomas Kanjiramukalil

EDITOR
Rev. Fr. Mathew Pallikkunnel

EDITORIAL BOARD
Very Rev. Dr. Louis Puthenveetil
(Advisory Editor)
Rev. Fr. George Kalayil
(Executive Editor)
Bro. Paul Vettikattil
(Circulation Manager)

TECHNICAL SUPPORT
Very Rev.Fr. John Charuvila
Sri. Thankachan Charivupurayidam
Smt. Sherly Mamman

Printed, Published & Owned by
Dr. Louis Puthenveetil
The Chancellor,
Bathery Diocese - dmsbathery@gmail.com
Printed at
Josin Offset Press, SBY
Ph: 04936 - 227 226




## ഉൾത്താളുകളിൽ

ഇടയശബ്ദം....................................3
സർക്കുലർ......................................5
സഭാവാർത്തകൾ...........................15
രൂപതാവാർത്തകൾ.......................16
ഗുരുകുലം സെമിനാരി...................23
എം.സി.വൈ.എം.............................24
വിൻസന്റ് ഡി പോൾ........................24
ശ്രേയസ്..........................................25

# BISHOP'S PROGRAMME
## October 2015

| | Day | Programme |
|---|---|---|
| 1 | Thursday | Media Commission, Meeting |
| 2 | Friday | Eranakulam |
| 3 | Saturday | Nilambur, Pastoral Council Meeting, DFO Office Pulickalodi |
| 4 | Sunday | Pulpally |
| 5 | Monday | B.Ed College - union Inauguration |
| 6-9 | Tuesday - Friday | Bathery |
| 10 | Saturday | Vincent De-paul. Edakkara |
| 11 | Sunday | USA - Florida |
| 22-23 | Thursday - Friday | KCBC Women's Commission Meeting |
| 24 | Saturday | Bathery- MCYM |
| 25 | Sunday | Velichamthodu |
| 26 | Monday | Bathery |
| 27 | Tuesday | Bathery |
| 28 | Wednesday | KCBC Kochi |
| 29-Nov 3 | Thursday - Tuesday | Bangkok |
| 4 | Wednesday | Bathery |
| 5 -15 | Thursday - Sunday | UAE |

## ഇടയശബ്ദം



# മലങ്കരയുടെ ആത്മീയ തേജസ്സ്

മലങ്കര സുറിയാനി കത്തോലിക്ക സഭയുടെ മെത്രാപ്പോലീത്തൻ ആർച്ച് ബിഷപ്പും, തിരുവനന്തപുരം അതിഭദ്രാസനത്തിന്റെ അദ്ധ്യക്ഷനുമായിരുന്ന അഭിവന്ദ്യ ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ജന്മശദാബ്ദി നാം ആഘോഷിച്ചുകൊണ്ടിരിക്കുകയാണ്. ആ പുണ്യപിതാവ് മരണത്തിന്റെ ചിറകുകളിലൂടെ ദൈവത്തിന്റെ സന്നിധിയിലേക്ക് കയറിപോയിട്ട് ഇരുപത് വർഷം തികയുന്നു. മായാത്ത പുഞ്ചിരിയുമായി ജനഹൃദയങ്ങളിൽ ചിരപ്രതിഷ്ട നേടിയ പുണ്യശ്ലോകനും ഏഴകളുടെ തോഴനുമായിരുന്നു ബനഡിക്റ്റ് മാർ ഗ്രിഗോറിയോസ് തിരുമേനി. ദൈവസാന്നിദ്ധ്യത്തിന്റെ നിറകുടം, ഓരോ വ്യക്തിയേയും തന്നിലേയ്ക്ക് ആകർഷിക്കുന്ന ചൈതന്യം, ബുദ്ധിയും, ഭക്തിയും ഒത്തിണങ്ങിയ വ്യക്തിത്വം, മെത്രാൻ പദവിക്ക് പുതിയൊരു മാനം നൽകിയ കർമ്മധീരൻ, വിനയത്തിന്റേയും, ലാളിത്വത്തിന്റേയും ആൾരൂപം, ഒരു സമൂഹത്തിന്റെ മുഴുവൻ ആദരവ് പിടിച്ച് പറ്റിയ മനഃസാക്ഷി സൂഷിപ്പുകാരൻ, ഒരു ജനതയുടെ മുഴുവൻ ഹൃദയമായി മാറിയ തിരുമേനി മലങ്കര സഭയ്ക്ക് ആത്മീയ തേജസ്സായിരുന്നു. മനുഷ്യജന്മത്തിന്റെ അർത്ഥം എന്തെന്ന് ചോദിക്കുന്നവർക്കുള്ള, സ്നേഹത്തിന്റെ വില എന്തെന്ന് ചോദിക്കുന്നവർക്കുള്ള, കാരുണ്യത്തിന്റെ ആഴം എത്രയയെന്ന് അന്വേഷിക്കുന്നവർക്കുള്ള മറുപടിയായിരുന്നു മാർഗ്രിയോറിയോസ് തിരുമേനിയുടെ ജീവിതം.

ദൈവത്തിനും, മനുഷ്യർക്കും വേണ്ടി മാത്രം ജീവിച്ച ഒരു വിശ്വപൗരന്റെ ദീപ്തമായ ഓർമ്മയാണ് അദ്ദേഹത്തെ ഓർക്കുമ്പോൾ കടന്നുവരിക, അദ്ദേഹം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ തലവനായി ഭരണം നടത്തിയ 41 വർഷക്കാലം മലങ്കര സഭയുടെ സുവർണ കാലഘട്ടമായിരുന്നു. അദ്ദേഹത്തിൽ നിറഞ്ഞു നിന്നിരുന്ന പ്രാർത്ഥന ചൈതന്യം, സഭാസ്നേഹം, മതാത്മകത, മനുഷ്യാവകാശ സംരക്ഷണം, സമാധാനത്തിനുവേണ്ടിയുള്ള സാഹസികത, അനീതിക്കെതിരെയുള്ള പോരാട്ടങ്ങൾ, സാമ്പത്തിക വികസനത്തിനു വേണ്ടിയുള്ള പ്രവർത്തനങ്ങൾ, സാംസ്കാരിക സമന്വയ സംരംഭങ്ങൾ ഇവയെല്ലാം മലങ്കര സുറിയാനി കത്തോലിക്കാ സഭയുടെ യജസ്സ് ഉയർത്തി.

സഭയ്ക്ക് പ്രഗത്ഭനായ നേതാവും, സംരക്ഷകനും, തനതു ശില്പിയുമായിരുന്നു അദ്ദേഹം. മലങ്കര കത്തോലിക്ക സഭ എല്ലാ രംഗത്തും വമ്പിച്ച പുരോഗതി നേടിയ കാലഘട്ടമായിരുന്നു അത്. അദ്ദേഹത്തിന്റെ മിഷൻ തീഷ്ണതയുടെ ഫലമായി 500-ൽ പരം പുതിയ ദേവാലയങ്ങൾ ഉണ്ടായി. നാം ഇന്നു കാണുന്ന ബാഹ്യ കേരളത്തിലേയും, ബാഹ്യ ഭാരതത്തിലേയും സഭാ വളർച്ചകളെല്ലാം ദീർഘവീഷണത്തോടെ അടിസ്ഥാനമിട്ടത് അഭിവന്ദ്യ പിതാവാണ്. സുവിശേഷം എന്നത് വികസനം ആണെന്നുകൂടി പഠിപ്പിച്ച തിരുമേനി സാമൂഹിക സാമ്പത്തിക വിദ്യാഭ്യാസ രംഗത്ത് നിറഞ്ഞ് നിന്ന് പ്രവർത്തിച്ചു. സമൂഹത്തിലെ പാവപ്പെട്ടവരോടും, ദുർബ്ബലരോടും, പ്രത്യേക കരുണ കാട്ടിയിരുന്ന തിരുമേനി, അവരെ ഉദ്ധരിക്കുവാൻ അനേകം കർമ്മ പരിപാടികൾ ആരംഭിച്ചിരുന്നു. അവയെല്ലാം ദൗത്യം നിർമ്മാണനത്തിനും സഹായിച്ചു. ചുരുക്കത്തിൽ അദ്ദേഹത്തിന്റെ പ്രാർത്ഥന ചൈതന്യം, ദിനാനുകമ്പ സാധാരണത്വം എന്നിവ എല്ലാവർക്കും അനുകരണമായിരുന്നു. അദേഹത്തിന്റെ ഓർമ്മ നമ്മളെ കൂടുതൽ കർമ്മ നിരതരാക്കും. പൗരസ്ത്യ ചിന്തയിൽ മെത്രാൻ വിശുദ്ധനാണ് അതുകൊണ്ട് മെത്രാന്റെ ഓർമ്മ ആചരിക്കുക ഒരു വിശുദ്ധന്റെ ഓർമ്മാചരണമാണ്. ദൈവത്തിന്റെ പക്കൽപോയി നമുക്ക് വേണ്ടി പ്രാർത്ഥിക്കുന്ന വന്ദ്യപിതാവിന്റെ മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം.

**ദൈവം നമ്മെ അനുഗ്രഹിക്കട്ടെ....**

**+ഡോ.ജോസഫ് മാർ തോമസ്**
(രൂപതാദ്ധ്യക്ഷൻ)

## സർക്കുലർ

# വൈദികരുടെ വാർഷികധ്യാനം

**കർത്താവിൽ വന്ദ്യവൈദികരേ, സന്യസ്തരേ, സഹോദരങ്ങളേ,**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികരുടെ വാർഷികധ്യാനം നമ്മുടെ ആത്മീയശുശ്രൂഷയുടെ ഭാഗമാണല്ലോ. ഒരു രൂപതയുടെ ഏറ്റവും വലിയ ആത്മീയശുശ്രൂഷകളിലൊന്ന് വൈദികരുടെ വാർഷികധ്യാനമാണ്. അതൊരു സഭാത്മക സംഭവം (Ecclesia Event) ആണ്. വാർഷികധ്യാനം വൈദികരുടെ സ്വയം വിശുദ്ധീകരണത്തിനും, ദൈവജനത്തിന്റെ വിശുദ്ധീകരണത്തിനുമുള്ള അവസരമാണ്. ദൈവജനത്തെ വാഗ്ദത്ത ഭൂമിയിലേക്കു നയിച്ച മോശ പലപ്പോഴും മലമുകളിലേക്ക് പോയി പ്രാർത്ഥിക്കുമായിരുന്നു. അവൻ കൂടാരത്തിൽ പ്രവേശിക്കുന്നു (Entering to the Tent) എന്നാണ് ജനം പറഞ്ഞിരുന്നത്. അവിടെ എന്താണ് സംഭവിക്കുന്നത് എന്ന് ജനം നോക്കിനിന്നിരുന്നു. മേഘത്തിൽ എഴുന്നള്ളുന്ന ദൈവത്തോട് ഒരു സുഹൃത്തിനെപ്പോലെ മോശ സംസാരിക്കുന്നത് അവർ കണ്ടിരുന്നു. വാർഷികധ്യാനം മോശയെപ്പോലെ ദൈവത്തോട് സംസാരിച്ച് അനുഗ്രഹം പ്രാപിക്കാനുള്ള സന്ദർഭമാണ്.

നമ്മുടെ രൂപതയിലെ വാർഷികധ്യാനം ഈ വർഷം നവബർ 23 തിങ്കളാഴ്ചമുതൽ 27-ാം തിയ്യതി വെള്ളിയാഴ്ചവരെ നടത്തുവാൻ തീരുമാനിക്കുകയണ്. രൂപതയിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ വൈദികരും ധ്യാനത്തിൽ പങ്കുചേരണം എന്നത് വൈദികരുടെ കാനോനികമായ ഉത്തരവാദിത്തം ആണെന്ന് നമുക്ക് അറിവുള്ളതാണല്ലോ. ഈ ഉത്തരവാദിത്തം ദൈവികമായി പാലിക്കാൻ എല്ലാവരും പ്രത്യേകം കടപ്പെട്ടവരാണ്. അതുകൊണ്ട് നമ്മുടെ എല്ലാ വൈദികരും നവംബർ 23 മുതൽ 27 വരെയുള്ള ദിവസങ്ങൾ ധ്യാനത്തിനായി മാറ്റിവെയ്ക്കണം. ഏതെങ്കിലും ഗൗരവമായ കാരണത്താൽ ധ്യാനത്തിന് വരാൻ പറ്റാത്തവർ രൂപതാദ്ധ്യക്ഷനെ മുൻകൂട്ടി വിവരം അറിയിക്കുകയും അനുവാദം ലഭിച്ചതിനുശേഷം 2015 ഡിസംബർ 31-ന് മുമ്പായി ധ്യാനത്തിൽ സംബന്ധിക്കുവാനുള്ള ക്രമീകരണം ചെയ്യുകയും വേണം. എല്ലാവരും ഒന്നിച്ച് പ്രാർത്ഥിക്കുന്നതും, ധ്യാനിക്കുന്നതും, വി.കുർബ്ബാന അർപ്പിക്കുന്നതും രൂപതയിലെ വൈദികരുടെ സ്നേഹവും, ഐക്യവും, കൂട്ടായ്മയും സഭാത്മകതയും ഒക്കെ വളരുവാൻ ഇടയാക്കും.. അതുകൊണ്ട് ആരും വാർഷികധ്യാനത്തിൽ നിന്ന് മാറിനിൽക്കുവാൻ ഇടയാകരുതെന്ന് ഞാൻ സ്നേഹപൂർവ്വം ഓർമ്മിപ്പിക്കുന്നു.

ആത്മീയനിറവുള്ള വൈദികരാണ് രൂപതയുടെ സമ്പത്ത്. വൈദികർ വിശുദ്ധിയിലും ആത്മീയനിറവിലും വളരുമ്പോൾ രൂപത അതിവേഗം ശക്തിപ്രാപിക്കും. വൈദികരുടെ വിശുദ്ധീകരണത്തിലൂടെ മാത്രമേ സഭ വിശുദ്ധീകരിക്കപ്പെടുകയുള്ളൂ. പ്രവാചകന്മാർ യഹോവയുടെ പാദത്തിൽ ശിരസ്സുകൾ താഴ്ത്തിവെച്ച് അനുഗ്രഹം പ്രാപിച്ചപ്പോഴാണ് ദൈവജനം കൃപകൾ പ്രാപിച്ച് ദിശാബോധത്തോടുകൂടി വളർന്നത്. യേശു ശിഷ്യന്മാർക്കുവേണ്ടി പ്രാർത്ഥിക്കുന്നത് ഇപ്രകാരമാണ്. "അവർ സത്യത്താൽ വിശുദ്ധീകരിക്കപ്പെടേണ്ടതിന് ഞാൻ എന്നെത്തന്നെ വിശുദ്ധീകരിക്കുന്നു". (യോഹ.17/19). ശ്ലീഹന്മാർക്ക് ആത്മീയ നിറവ് ലഭിക്കുവാൻ വേണ്ടി യേശു വിശുദ്ധീകരിക്കുന്നു. നമ്മുടെ രൂപതയിലെ ദൈവജനത്തിനും, നാം പ്രവർത്തിക്കുന്ന എല്ലാ പ്രേഷിതരംഗങ്ങളിലും പരിശുദ്ധാത്മാവിന്റെ നിറവ് ലഭിക്കാൻ നാം നമ്മെത്തന്നെ ഈ ധ്യാനദിവസങ്ങളിൽ വിശുദ്ധീകരണത്തിനായി സമർപ്പിക്കണം. ഈ അറിയിപ്പ് ലഭിക്കുന്നദിവസം മുതൽ തന്നെ നാം ധ്യാനത്തിന്റെ വിജയത്തിനായി പ്രാർത്ഥിച്ച് ഒരുങ്ങണം. വൈദിക സംഘത്തിനുവേണ്ടിയും, രോഗികളായ വൈദികർക്കുവേണ്ടിയും പരസ്പരം പ്രാർത്ഥിക്കണം. വൈദികരുടെ ധ്യാനത്തെപ്പറ്റി ഇടവകയിലും, ഇതര ശുശ്രൂഷാകേന്ദ്രങ്ങളിലും നേരത്തെ അറിയിക്കുകയും, ആത്മീയാവശ്യങ്ങൾക്കുള്ള ക്രമീകരണം നടത്തുകയും വേണം.

പ്രിയ സഹോദരീസഹോദരന്മാരേ, നമ്മുടെ രൂപതയിലെ എല്ലാ വൈദീകരും ധ്യാനത്തിലായിരിക്കുന്ന ദിവസങ്ങളിൽ നിങ്ങൾ എല്ലാവരും വൈദികർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ദൈവജനത്തിനുവേണ്ടി മോശ മലമുകളിൽ കയറി കൈകൾ ഉയർത്തി പ്രാർത്ഥിച്ചു. മോശയുടെ കരങ്ങൾ പ്രാർത്ഥനയ്ക്കായി ഉയർന്നുനിന്നപ്പോൾ അവർ വിജയിക്കുകയും അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തു. വൈദികരുടെ കരങ്ങൾ തളരാതെ ഇരിക്കണമെങ്കിൽ ദൈവജനത്തിന്റെ പ്രാർത്ഥന അവർക്ക് നിരന്തരമായി ലഭിക്കണം. ധ്യാനദിവസങ്ങളിലും നമ്മുടെ കുടുംബത്തിലെ പ്രാർത്ഥനാവേളകളിലും വൈദികരെ പ്രത്യേകം ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം.

ഈ വർഷത്തെ ധ്യാനം നയിക്കുന്നത് തലശ്ശേരി അതിരൂപതയിലെ ബഹു. മാത്യു വേങ്ങക്കുന്നേൽ അച്ചനാണ്. വൈദികരെ നന്നായി ധ്യാനിപ്പിക്കാനുള്ള ദൈവകൃപ അദ്ദേഹത്തിന് ലഭിക്കാൻ വേണ്ടിയും നമുക്ക് പ്രത്യേകം പ്രാർത്ഥിക്കാം. എല്ലാ വൈദികർക്കും അനുഗ്രഹദായകമായ വാർഷികധ്യാനം ആശംസിക്കുന്നു.

പരിശുദ്ധ ദൈവമാതാവിന്റെയും, നമ്മുടെ രൂപതയുടെ മദ്ധ്യസ്ഥനായ വി.തോമാശ്ലീഹായുടെയും മാദ്ധ്യസ്ഥം നമുക്ക് യാചിക്കാം. ധ്യാനവുമായി ബന്ധപ്പെട്ട മറ്റു കാര്യങ്ങൾ വന്ദ്യ ജനറാളച്ചന്മാർ നിങ്ങളെ അറിയിക്കുന്നതാണ്. ദൈവം അനുഗ്രഹിക്കട്ടെ.

**പ്രാർത്ഥനയോടെ,**

**ഡോ. ജോസഫ് മാർ തോമസ്**

ബത്തേരി രൂപതാദ്ധ്യക്ഷൻ

# ലോകമിഷൻ ഞായർ – 2015
## ഫ്രാൻസിസ് പാപ്പയുടെ സന്ദേശം

**പ്രിയ സഹോദരീസഹോദരന്മാരേ,**

സമർപ്പിത ജീവിതത്തിന്റെ സാഹചര്യത്തിലാണ് ഇക്കൊല്ലം ലോകമിഷൻ ഞായർ ആചരണം നടക്കുന്നത്. ആ സാഹചര്യം കൂടുതൽ പ്രാർത്ഥനയ്ക്കും വിചിന്തനത്തിനുമുള്ള പ്രചോദനം നല്കുന്നു. അതിന്റെ കാരണം ഇതാണ്: മാമ്മോദീസ സ്വീകരിച്ച ഓരോ വ്യക്തിയും ദാനമായി കിട്ടിയ വിശ്വാസം പ്രഘോഷിച്ചുകൊണ്ട് യേശുവിനു സാക്ഷ്യം വഹിക്കാൻ കടപ്പെട്ടിരിക്കുന്നുവെങ്കിൽ ഓരോ സമർപ്പിത വ്യക്തിയും അങ്ങനെ ചെയ്യാൻ സവിശേഷമാം വിധം കടപ്പെട്ടിരിക്കുന്നു. സമർപ്പിതജീവിതവും പ്രേഷിതത്വവും തമ്മിൽ സുവ്യക്തമായ ബന്ധമുണ്ട്. സഭയിൽ സമർപ്പിതജീവിതത്തിന്റെ ഉത്പത്തിക്കുകാരണം യേശുവിനെ കൂടുതൽ അടുത്ത് അനുകരിക്കാനുള്ള ആഗ്രഹമാണ്. അത് കുരിശെടുത്തുകൊണ്ട് അവിടത്തെ അനുഗമിക്കാനുള്ള അവിടത്തെ ആഹ്വാനത്തോടുള്ള പ്രത്യുത്തരമാണ്. പിതാവിനോടുള്ള അവിടുത്തെ സമർപ്പണവും സ്നേഹവും സേവനവും അനുകരിക്കാനും അത് ആവശ്യപ്പെടുന്നു. വീണ്ടും കണ്ടെത്താൻ വേണ്ടി നമ്മുടെ ജീവൻ നഷ്ടപ്പെടുത്താനും അത് ആവശ്യപ്പെടുന്നുണ്ട്. ക്രിസ്തുവിന്റെ ജീവിതത്തിനു മുഴുവനും ഒരു പ്രേഷിതത്വ സ്വഭാവമുണ്ട്. അതുകൊണ്ട് അവിടത്തെ അടുത്ത് അനുകരിക്കുന്ന എല്ലാവർക്കും ഈ പ്രേഷിതത്വസവിശേഷത ഉണ്ടായിരിക്കണം.

സഭയുടെ പ്രകൃതിയുടേതുതന്നെയായ ഈ പ്രേഷിതത്വമാനം, സമർപ്പിത ജീവിതത്തിന്റെ സർവരൂപങ്ങൾക്കും ആന്തരികമായിട്ടുള്ളതാണ്. അതുകൊണ്ട് സമർപ്പിത ജീവിതത്തിൽ നിന്ന് വഴിതെറ്റുകയും അതിന്റെ കാരിസത്തെ വികലമാക്കുകയും ചെയ്യാതെ പ്രേഷിതത്വമാനത്തെ അവഗണിക്കാനാവുകയില്ല. ഒരു മിഷണറിയായിരിക്കുകയെന്നത് മതംമാറ്റലോ കേവലം സമരതന്ത്രമോ അല്ല. പ്രേഷിതത്വം വിശ്വാസത്തിന്റെ “വ്യാകരരണത്തിന്റെ” ഭാഗമാണ്. “വരുക” “മുന്നോട്ടു പോകുക” എന്നിങ്ങനെ മന്ത്രിക്കുന്ന പരിശുദ്ധാത്മാവിന്റെ ശബ്ദം ശ്രവിക്കുന്ന സകലർക്കും സാരാംശപരമായിട്ടുള്ള ഒന്നാണത്. ക്രിസ്തുവിനെ അനുകരിക്കുന്നവർക്ക് മിഷണറിമാരാകാതിരിക്കാൻ സാധ്യമല്ല.

എന്തെന്നാൽ യേശു "തങ്ങളോടൊപ്പം സഞ്ചരിക്കുകയും തങ്ങളോടു സംസാരിക്കുകയും, തങ്ങളോടൊപ്പം ശ്വസിക്കുകയും ചെയ്യുന്നുവെന്ന് അവർ അറിയുന്നു. മിഷൻ പ്രവർത്തനങ്ങളിൽ അവിടന്ന് തങ്ങളോടൊപ്പം ജീവിക്കുന്നുവെന്ന് അവർ മനസ്സിലാക്കുന്നു". (സുവിശേഷസന്തോഷം; 266).

മിഷൻ എന്നത് യേശുവിനോടുള്ള തീവ്രസ്നേഹമാണ്. അതേ സമയം അത് അവിടത്തെ ജനത്തോടുള്ള തീവ്രസ്നേഹവുമാണ്. ക്രൂശിതനായ യേശുവിന്റെ മുമ്പിൽ പ്രാർത്ഥിക്കുമ്പോൾ അവിടത്തെ സ്നേഹത്തിന്റെ ആഴം നാം മനസ്സിലാക്കുന്നു. നമുക്കു മഹത്ത്വവും നിലനില്പും നല്കുന്ന സ്നേഹത്തിന്റെ ആഴം നാം ഗ്രഹിക്കുന്നു. അതേസമയം ക്രിസ്തുവിന്റെ മുറിവേല്പിക്കപ്പെട്ട ഹൃദയത്തിൽ നിന്നു പ്രവഹിക്കുന്ന സ്നേഹം ദൈവജനത്തെയും മുഴുവൻ മനുഷ്യവംശത്തെയും ആശ്ലേഷിക്കാൻ വികസിക്കുന്നുവെന്നു നാം മനസ്സിലാക്കുകയും ചെയ്യുന്നു. തന്റെ പ്രിയജനത്തോടും ( CF ibid. 268) നിർമ്മലഹൃദയത്തോടെ തന്നെ തേടുന്ന എല്ലാ മനുഷ്യരോടും അടുക്കുന്നതിനു നമ്മെ ഉപയോഗിക്കാൻ അവിടന്ന് ആഗ്രഹിക്കുന്നുവെന്ന് നാം ഒരിക്കൽക്കൂടി മനസ്സിലാക്കുന്നു. "മുന്നോട്ടു പോകുക" എന്നാണ് യേശുവിന്റെ കല്പന. സഭയുടെ പ്രേഷിത പ്രവർത്തനത്തിന്റെ രംഗങ്ങളും നിത്യസന്നിഹിതമായിരിക്കുന്ന നവീന വെല്ലുവിളികളും അതിൽ നാം കാണുന്നു. സഭയുടെ എല്ലാ അംഗങ്ങളും അവരുടെ ജീവിതസാക്ഷ്യം വഴി സുവിശേഷം പ്രഘോഷിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. പരിശുദ്ധാത്മാവിന്റെ സ്വരം കേൾക്കാൻ സമർപ്പിതരോട് പ്രത്യേകമാംവിധം ആവശ്യപ്പെട്ടിട്ടുണ്ട്. പരിശുദ്ധാത്മാവ് അവരോട് അതിർത്തികളിലേക്കു പോകാൻ, ഇന്നോളം സുവിശേഷം പ്രസംഗിക്കപ്പെട്ടിട്ടില്ലാത്തവരിലേക്കു പോകാൻ ആഹ്വാനം ചെയ്യുന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ആദ് ജെന്തെസ് എന്ന ഡിക്രിയുടെ അമ്പതാം വാർഷികമാണിത്. ആ പ്രമാണരേഖ വീണ്ടും വായിക്കാനും അതിന്റെ ഉള്ളടക്കങ്ങളെക്കുറിച്ചു ചിന്തിക്കാനുമുള്ള ഒരാഹ്വാനം നമുക്ക് എല്ലാവർക്കും അതു നല്കുന്നു. സമർപ്പിതജീവിതത്തിന്റെ ഇൻസ്റ്റിറ്റ്യൂട്ടുകളിൽ ശക്തമായ പ്രേഷിത സ്പന്ദനം ഉണ്ടാകണമെന്ന് ആ പ്രമാണരേഖ ആവശ്യപ്പെട്ടിട്ടുണ്ട്. ധ്യാനാത്മക സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം, പ്രേഷിതവേലയുടെ മധ്യസ്ഥയായ ഉണ്ണീശോയുടെ വി.തേരേസ പുതിയ വെളിച്ചത്തിൽ കാണപ്പെടുന്നു. അവൾ നവീകൃത വാഗ്മിത്വത്തോടെ സംസാരിക്കുന്നു. ധ്യാനാത്മക ജീവിതവും പ്രേഷിതത്വവും തമ്മിലുള്ള അഗാതമായ ബന്ധത്തേക്കുറിച്ച് ചിന്തിക്കാൻ അവൾ പ്രചോദിപ്പിക്കുന്നു. പ്രവർത്തനോന്മുഖമായ അനേകം സമൂഹങ്ങളെ സംബന്ധിച്ചിടത്തോളം കൗൺസിലിൽ നിന്ന് ഉയർന്ന പ്രേഷിതത്വ ചൈതന്യം വിചാതിയരുടെ ഇടയിലുള്ള പ്രേഷിത പ്രവർത്തനത്തിലേയ്ക്കുള്ള അസാധാരണമായ താൽപ്പര്യം കണ്ടെത്തി. സുവിശേഷപ്രവർത്തനത്തിൽ കണ്ടുമുട്ടിയ അനേകം പ്രദേശങ്ങളിലെയും സംസ്ക്കാരങ്ങളിലെയും സഹോദരീസഹോദരന്മാരോടുള്ള തുറവ് അതിന് മിക്കപ്പോഴും ഉണ്ടായിരുന്നു. തന്മൂലം സമർപ്പിത ജീവിതത്തിലെ വ്യാപകമായ സംഗലിത സംസ്ക്കാരത്തേപ്പറ്റി

പറയാൻ കഴിയുന്നു. അതുകൊണ്ട് അടിയന്തിര സ്വഭാവമുള്ള ഒരാവശ്യമുണ്ടിവിടെ: യേശു ആണ് മിഷന്റെ കേന്ദ്ര വ്യക്തിയെന്ന് വീണ്ടും ഉറപ്പിച്ചു പറയുക. സുവിശേഷ പ്രഘോഷണത്തിന് പൂർണ്ണമായ സ്വയം സമർപ്പണം അത് ആവശ്യപ്പെടുന്നു. ഈ കാര്യത്തിൽ ഒരു വിട്ടുവീഴ്ച്ചയും ചെയ്യാൻ സാധ്യമല്ല: ദൈവകൃപയാൽ പ്രേഷിത പ്രവർത്തനം സ്വീകരിക്കുന്നവർ അതിജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. അവരെ സംബന്ധിച്ചിടത്തോളം ലോകത്തിന്റെ അതിരുകളിൽ ക്രിസ്തുവിനെ പ്രഘോഷിക്കുന്നതിന് അവിടുത്തെ അനുഗമിക്കുവാനുള്ള മാർഗമായിത്തീരുന്നു. അവർ നേരിടുന്ന പ്രയാസങ്ങൾക്കും ചെയ്യുന്ന ത്യാഗങ്ങൾക്കും അവിടന്ന് ധാരാളമായി പ്രതിഫലം നല്കും. ഈ വിളിയിൽ നിന്നുമാറിപ്പോകാനുള്ള ഏതു പ്രവണതയും – നല്ല കാരണങ്ങളാലാണ് അങ്ങനെ ചെയ്യുന്നതെങ്കിലും അജപാലനപരലും സഭാപരവും മാനുഷികവുമായ അസംഖ്യം കാരണങ്ങൾ അതിനുണ്ടെങ്കിലും – കർത്താവിന്റെ ആഹ്വാനത്തിനു ചേർന്നതല്ല. വ്യക്തിപരമായി സുവിശേഷത്തിനു സേവനം ചെയ്യുകയെന്നതാണ് അവിടന്നു നല്കുന്ന ആഹ്വാനം. മിഷണറി ഇൻസ്റ്റിറ്റ്യൂട്ടുകളിലെ പരിശീലകർ ജീവിതത്തിന്റെയും പ്രവർത്തനത്തിന്റെയും ഈ പദ്ധതി വ്യക്തമായും ആത്മാർത്ഥമായും സൂചിപ്പിക്കാനും യഥാർത്ഥ പ്രേഷിതത്വവിളി തിരിച്ചറിയാനും കടപ്പെട്ടിരിക്കുന്നു. ധീകതയോടെ സാക്ഷ്യം നല്കാനും ഉദാരതയോടെ പ്രവർത്തിക്കാനും കഴിവുള്ള യുവജനത്തോട്, ആ സാക്ഷ്യവും പ്രവർത്തനവും സംസ്കാരവിരുദ്ധമാണെങ്കിലും, ഞാൻ പ്രത്യേകമായി അഭ്യർത്ഥിക്കുന്നു. **യഥാർത്ഥ മിഷന്റെ** ആദർശത്തെ, **സംമ്പൂർണ സമർപ്പണത്തിലൂടെ ക്രിസ്ത്വാനുകരണത്തെ നിങ്ങളിൽ നിന്നു പിടിച്ചുപറിക്കാൻ ആരെയും അനുവദിക്കരുത്.** നിങ്ങൾ സന്യസ്ത പ്രേഷിതത്വ ജീവിതം തിരിഞ്ഞെടുത്തതും, അത് യഥാർത്ഥത്തിൽ എന്തായിരിക്കുന്നുവോ അതിന് സന്നദ്ധരാവുകയും ചെയ്തത് എന്ത് കൊണ്ടാണെന്ന് മനസാക്ഷിയുടെ അഗാതതയിൽ സ്വയം ചോദിക്കണം. സുവിശേഷ പ്രഘോഷണത്തിന് സേവനം ചെയ്യുന്ന സ്നേഹധാനമായതുകൊണ്ടുതന്നെ നിങ്ങൾ ഒരു വസ്തുത ഓർമ്മിക്കണം. സുവിശേഷ പ്രഘോഷണം ഇന്നോളം കേട്ടിട്ടില്ലാത്തവർക്ക് അത് അത്യാവശ്യമാണ്. എന്നാൽ അതിനുമുമ്പേ ഗുരുവിനേ സ്നേഹിക്കുന്നവരെ സംബന്ധിച്ച് അത് അത്യാവശ്യമാണ്.

ഇന്ന് സഭയുടെ പ്രേഷിത പ്രവർത്തനം ഒരു വെല്ലുവിളി നേരിടുന്നു. ജനങ്ങൾ അവരുടെ വേരുകളിലേയ്ക്ക് തിരിച്ചുപോവുകയും അവരുടെ സംസ്ക്കാരങ്ങളുടെ മൂല്യങ്ങൾ സംരക്ഷിക്കുകയും ചെയ്യുകയെന്ന സർവജനങ്ങളുടെയും ആവശ്യങ്ങളെ കണ്ടെത്തുകയെന്നതാണ് ആ വെല്ലുവിളി. അതിന്റെ അർത്ഥം ഇതാണ്: മറ്റ് പാരമ്പര്യങ്ങളെയും, ചിന്താപദ്ധതികളെയും അറിയുകയും ആദരിക്കുകയും ചെയ്യുക. ദൈവീക ജ്ഞാനത്തിന്റെ രഹസ്യത്തിലേയ്ക്ക് പ്രവേശിക്കുവാനും യേശുവിന്റെ സുവിശേഷം സ്വീകരിക്കുവാനും സ്വന്തം പാരമ്പര്യങ്ങളിൽ ആന്തരീകമായി സഹായിക്കപ്പെടാൻ എല്ലാ ജനതകൾക്കും സംസ്ക്കാരങ്ങൾക്കും അവകാശമുണ്ടെന്ന് മനസ്സിലാക്കിക്കൊണ്ട് അങ്ങനെ ചെയ്യണം. യേശു സകല സംസ്ക്കാരങ്ങൾക്കുമുള്ള പ്രകാശവും പരിവർത്തനാത്മകമായ ശക്തിയുമാണ്.

സംങ്കീർണ്ണമായ ഈ പ്രവർത്തനത്തിൽ നാം നമ്മോടുതന്നെ ചോദിക്കുന്നു: “ആരോടാണ് നാം സുവിശേഷം പ്രസംഗിക്കേണ്ടത് ” ? സുവിശേഷം മുഴുവനിലും നാം എപ്പോഴും കാണുന്നതാണ് ഇതിന്റെ ഉത്തരം: ദരിദ്രരോടും, എളിയവരോട്, രോഗികളോട്, മിക്കപ്പോഴും അവഗണിക്കപ്പെട്ടവരോട്, വിസ്മരിക്കപ്പെട്ടവരോട്, പ്രതിഫലം നൽകാൻ നൽക്കപ്പെട്ടവരോട് ( ലൂക്ക 14:13-14) നമ്മിൽ ഏറ്റവും എളിയവരോട് പ്രത്യേക പരിഗണന കാണിച്ചുകൊണ്ടുള്ള സുവിശേഷ വത്കരണം യേശു സ്താപിക്കാൻ വന്ന രാജ്യത്തന്റെ അടയാളമാണ്. “നമ്മുടെ വിശ്വാസവും ദരിദ്രരും തമ്മിൽ അവിഭാജ്യമായ ഒരു ബന്ധമുണ്ട്. ഒരിക്കലും നാം അവരെ ഉപേക്ഷിക്കരുത്” (സുവിശേഷ സന്തോഷം, 48). സമർപ്പിത പ്രേഷിതജീവിതം സ്വീകരിച്ചവർക്ക് ഇത് സർവ്വോപരി വ്യക്തമായിരിക്കണം: ദരിദ്രരോട് പക്ഷം ചേരുന്ന ക്രിസ്തുവിനെ അനുഗമിക്കാൻ ദാരിദ്ര്യവ്രതം വഴിയെ അവർ നിശ്ചയിച്ചു. അവരോടൊപ്പം അനുദിനജീവിതത്തിന്റെ അനുശ്ചിതത്വങ്ങളിൽ ജീവിച്ചുകൊണ്ടും അധികാരത്തിനുള്ള എല്ലാ അവകാശവാദവും ഉപേക്ഷിച്ചുകൊണ്ടും അങ്ങനെ ദരിദ്രരുടെ സഹോദരീസഹോദരന്മാരായി തീരാനും അതുവഴി സുവിശേഷ സന്തോഷത്തിന്റെ സാക്ഷ്യവും ദൈവസ്നേഹത്തിന്റെ അടയാളവും നല്കാനും നിശ്ചയിച്ചു.

ക്രൈസ്തവ സാക്ഷികളായും പിതാവിനുള്ള സ്നേഹത്തിനുള്ള അടയാളങ്ങളായും ദരിദ്രരുടെയും എളിയവരുടെയും ഇടയിൽ ജീവിച്ചുകൊണ്ട് സഭയുടെ പ്രേഷിതത്വ സേവനത്തിൽ അല്മായരുടെ സാന്നിദ്ധ്യം വളർത്താൻ കടപ്പെട്ടിരിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിലിംഗ് പ്രസ്താവിച്ചതുപോലെ “അല്മായർ സഭയുടെ പ്രേഷിത പ്രവർത്തനത്തിൽ സഹകരിക്കണം. അവർ സാക്ഷികളെന്നനിലയിലും സജീവോപകരണങ്ങളെന്നനിലയിലും സഭയുടെ രക്ഷാകര ദൗത്യത്തിൽ പങ്കുചേരുന്നുണ്ട് ” ( ആദ് ജെന്തെസ്, 41). സമർപ്പിതരായ മിഷണറിമാർ തങ്ങളോടൊപ്പം പ്രവർത്തിക്കാൻ ഇഷ്ടപ്പെടുന്നവരെ, കുറച്ച് കാലത്തേക്കാണെങ്കിലും ഈ മണ്ഡലത്തിൽ അനുഭവമുണ്ടാകാൻ ആഗ്രഹിക്കുന്നവരെ, ഉദാരതയോടെ സ്വാഗതം ചെയ്യണം. മാമോദീസയിൽ ഉൾക്കൊണ്ടിരിക്കുന്ന പ്രേഷിത ദൗത്യത്തിൽ പങ്കുചേരാൻ ആഗ്രഹിക്കുന്ന സഹോദരീസഹോദരന്മാരാണ് അവർ. മിഷൻ പ്രവർത്തനത്തിന്റെ ഭവനങ്ങളും സ്ഥാപനങ്ങളും അവരെ സ്വാഗതം ചെയ്യാനും അവർക്ക് മാനുശികവും ആധ്യാത്മികവും അപ്പസ്തോലികവുമായ പിൻതുണ നൽകുവാനുള്ള ഇടങ്ങളാണ്.

സഭയുടെ ഇൻസ്റ്റിറ്റ്യൂട്ടുകളും മിഷണറി കോൺക്രികേഷനുകളും, യേശുവിന്റെ സുവിശേഷം അറിയാത്തവർക്കുള്ള സേവനത്തിന് മുഴുവനായി സമർപ്പിക്കപ്പെട്ടവയാണ്. അവയുടെ സമർപ്പിതാംഗങ്ങളുടെ കാരിസങ്ങളും പ്രേഷിത ദൗത്യങ്ങളും പരിഗണിക്കണമെന്നാണ് ഇതിന്റെ അർത്ഥം. എന്നാൽ സമർപ്പിതർക്ക് സേവനത്തിന്റെ ഒരു വ്യവസ്ഥകൂടി ഉണ്ടാകണം. റോമിലെ മെത്രാന്റെ താത്പര്യത്തിന്റെ ഒരു പ്രകാശനമാണത്. കൊയ്നോണിയ (കൂട്ടായ്മ) ഉറപ്പുവരുത്തുന്നതിന് വേണ്ടിത്തന്നെ. എന്തെന്നാൽ സഹകരണവും സംയുക്ത പ്രവർത്തനവും പ്രേഷിതത്വപരമായ സാക്ഷത്തിന്റെ സാരാംശപരമായ ഭാഗമാണ്. ലോകം വിശ്വസിക്കു

ന്നതിനുള്ള ഒരു വ്യവസ്തയായി യേശു തന്റെ ശിശ്യന്മാരുടെ ഐക്യത്തെ പ്രതിഷ്ടിച്ചു. (Cf.യോഹ 17:21). ഈ ഏകത്ര കേന്ദ്രീകരണം നിഷ്കൃഷ്ട നിയമാനുസാരത്വമല്ല. സ്ഥാപന പ്രാതാന്യവാദവുമല്ല. വൈവിദ്യത്തിനു പ്രചോദനം നൽകുന്ന പരിശുദ്ധാത്മാവിന്റെ സർഗാത്മകതയെ ശ്വാസംമുട്ടിക്കുന്ന പ്രവർത്തിയുമല്ല. അത് സുവിശേഷസന്ദേഷത്തിൽ കൂടുതൽ ഫലദായകത്വം നൽകുന്നതിനും പരിശുദ്ധാത്മാവിന്റെ മറ്റൊരു ഫലമായ ലക്ഷ്യത്തിലുള്ള ഐക്യം വളർത്തുന്നതിനുമാണ്.

വിശുദ്ധപത്രോസിന്റെ പിൻഗാമികളുടെ മിഷണറി സൊസൈറ്റികൾക്ക് സാർവത്രികമായ അപ്പസ്തോലിക ചക്രവാളമുണ്ട്. അതുകൊണ്ടാണ് സമർപ്പിതജീവിതത്തിന്റെ കാരിസങ്ങളും അതിന് ആവശ്യമായിരിക്കുന്നത്. സുവിശേഷ വത്ക്കരണത്തിന്റെ വിസ്തൃത ചക്രവാളങ്ങളോട് സംസാരിക്കുവാനും അയക്കപ്പെട്ടിരിക്കുന്ന ഏതു പ്രദേശത്തും പര്യാപ്തമായ സാന്നിദ്ധ്യം ഉറപ്പാക്കാൻ കഴിയുന്നതിനു വേണ്ടിയാണത്.

പ്രിയ സഹോദരീസഹോദരന്മാരേ, യഥാർത്ഥ മിഷണറി സുവിശേഷത്തോട് തീവ്രസ്നേഹമുള്ള വ്യക്തിയാണ്. വിശുദ്ധപൗലോശ്ലീഹ ഇങ്ങനെ പറഞ്ഞു: “ഞാൻ സുവിശേഷം പ്രസംഗിക്കുന്നില്ലെങ്കിൽ എനിക്കു ഹാ കഷ്ടം!” (1 കോറി 9:16). സുവിശേഷം സകലസ്ത്രീപുരുഷന്മാർക്കും സന്തോഷത്തിന്റെയും വിമോചനത്തിന്റെയും രക്ഷയുടെയും ഉറവിടമാണ്. ഈ ദാനത്തെക്കുറിച്ച് സഭയ്ക്ക് അറിയാം. അതുകൊണ്ട് അവൾ “ആരംഭം മുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും ഞങ്ങളുടെ കണ്ണുകൾ കൊണ്ടു ഞങ്ങൾ കണ്ടതും” (1 യോഹ 1:1) എല്ലാവരോടും നിരന്തരം പ്രഘോഷിക്കുന്നു. ദിവ്യരഹസ്യത്തിന്റെ സേവകരുടെ – മെത്രാന്മാർ വൈദികർ, സന്ന്യസ്തർ അല്മായർ എന്നിവരുടെ – ദൗത്യം ക്രിസ്തുവിനോടുള്ള വ്യക്തിപരമായ ബന്ധത്തിലേക്കു പ്രവേശിക്കാൻ ആരെയും ഒഴിവാക്കാതെ എല്ലാവരെയും അനുവദിക്കുകയെന്നതാണ്. സഭയുടെ പ്രേഷിതത്വപ്രവർത്തനത്തിന്റെ സമ്പൂർണമണ്ഡലത്തിൽ എല്ലാ വിശ്വാസികളും തങ്ങളുടെ മാമ്മോദീസാപരമായ സമർപ്പണം പൂർണമായി ജീവിക്കാൻ വിളിക്കപ്പെട്ടിരിക്കുന്നു. ഓരോ വ്യക്തിയുടെയും വ്യക്തിപരമായ സാഹചര്യമനുസരിച്ച് അങ്ങനെ ചെയ്യണം. സമർപ്പിതരായ സ്ത്രീപുരുഷന്മാർക്ക് ഈ സാർവത്രിക വിളിയോട് ഉദാരതയോടെ പ്രത്യുത്തരിക്കാൻ കഴിയും. തീവ്രമായ പ്രാർത്ഥനാജീവിതത്തിലൂടെയും കർത്താവിനോടും അവിടത്തെ രക്ഷാകരബലിയോടുമുള്ള ഐക്യത്തിലൂടെയും അതു സാധ്യമാകും.

അന്യരാജ്യങ്ങളിലോ സ്വന്തം നാടുകളിലോ ഓരോ ജീവിതാവസ്ഥയിലും സുവിശേഷം പ്രഘോഷിക്കുന്ന എല്ലാ സ്ത്രീപുരുഷന്മാരെയും സഭയുടെ അമ്മയും മിഷൻ പ്രവർത്തനത്തിന്റെ മാതൃകയുമായ കന്യകാമറിയത്തിന് ഞാൻ സമർപ്പിക്കുന്നു. സുവിശേഷദൗത്യം നിർവഹിക്കുന്ന എല്ലാ മിഷണറിമാർക്കും ഞാൻ ഹൃദയംഗമമായി അപ്പസ്തോലികാശീർവാദം നല്കുന്നു.

**ഫ്രാൻസിസ് പാപ്പ**

# THE SYRO-MALANKARA CATHOLIC CHURCH
## MAJOR ARCHDIOCESE OF TRIVANDRUM

**MORAN MOR BASELIOS CARDINAL CLEEMIS**
Major Archbishop-Catholicos &
Major Archbishop of Trivandrum

Thirusannidhi
Major Archbishop's House
Pattom, Trivandrum-695004

No. CL-Tvm 1/2015

**സർക്കുലർ**

**ബനഡിക്ട് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ**
**21-ാം ഓർമ്മപ്പെരുന്നാൾ**

വന്ദ്യ കോറെപ്പിസ്കോപ്പാമാരേ, റമ്പാന്മാരേ, ബഹു. വൈദികരേ, ശെമ്മാശന്മാരേ, ബഹുമാനപ്പെട്ട സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് കാലം ചെയ്തിട്ട് ഇരുപത്തിയൊന്നു വർഷമാകുന്നു. പിതാവിന്റെ ജന്മശതാബ്ദി ആഘോഷിക്കുന്ന അവസരമെന്ന പ്രാധാന്യവും ഈ വർഷത്തെ ഓർമ്മയാചരണത്തിനുണ്ട്. സഭയ്ക്കും സമൂഹത്തിനും വേണ്ടി ജീവിതം ഉഴിഞ്ഞുവച്ച ആ ധന്യജീവിതത്തെപ്പറ്റിയുള്ള ഓർമ്മകൾ നമുക്ക് പുതിയ ഊർജ്ജം പകരാൻ പര്യാപ്തമാണ്.

തിരുസഭ സന്യസ്ത വർഷമാചരിക്കുന്ന അവസരമാണല്ലോ ഇത്. ആറ് പതിറ്റാണ്ടോളം സന്യാസ സമർപ്പണത്തിന് ഉജ്ജ്വല മാതൃക നല്കി ജീവിച്ച ബനഡിക്ട് മാർ ഗ്രിഗോറിയോസ് തിരുമേനി സന്യാസത്തിന്റെ സന്തോഷം ലോകത്തിന് പകർന്നു നല്കി. ദൈവസ്നേഹം കൊണ്ട് നിറഞ്ഞ ആ സന്യാസവര്യൻ വിശുദ്ധ ഫ്രാൻസിസ് അസീസ്സിയെപ്പോലെ ഈ പ്രപഞ്ചത്തിൽ ദൈവസാന്നിദ്ധ്യം അനുഭവിച്ചു. പ്രകൃതിയെ സ്നേഹിക്കുകയും പരിപോഷിപ്പിക്കുകയും ചെയ്തു. മനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധത്തെപ്പറ്റി വാചാലമായി പ്രബോധിപ്പിച്ചു. പരിസ്ഥിതി സംരക്ഷണവും കൃഷിയുമൊക്കെ തന്റെ പഠനത്തിന്റെയും പദ്ധതികളുടെയും ഭാഗമായത് അങ്ങനെയാണ്. ഈ മണ്ണിനുതന്നെ അനുഗ്രഹമായി ജീവിച്ചു. നാനാ ജാതി മതസ്ഥർക്ക് പിതാവായി ജീവിച്ച മാർ ഗ്രിഗോറിയോസ് തിരുമേനി

ക്രൈസ്തവ സന്യാസത്തെ ഭാരതീയ സന്യാസത്തോട് പൊരുത്തപ്പെടുത്തി സന്യാസത്തിന്റെ പാത തെളിച്ച ദൈവദാസൻ മാർ ഈവാനിയോസ് പിതാവ് തുറന്ന പാതയുലൂടെ സഞ്ചരിച്ചു. ലളിത ജീവിതത്തിൽ ബലം കണ്ടെത്തി. വലിയ തിരക്കിലും വ്യഗ്രതകളിലും നിഷ്ഠാജീവിതത്തിൽ അണുവിട തെറ്റാതെ ജീവിത സമർപ്പണം നടത്തിയ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവ് സന്യസ്തർക്ക് വലിയ മാതൃകയാണ്.

ക്രിസ്തുവിന്റെ കരുണാർദ്രമായ മുഖം ലോകത്തിന് കൂടുതൽ വ്യക്തമായി അനുഭവവേദ്യമാകുന്നതിന് ലക്ഷ്യം വച്ച് പരിശുദ്ധ പിതാവ് കരുണയുടെ വർഷം പ്രഖ്യാപിച്ചിരിക്കുകയാണ്. ഡിസംബർ 8 ന് ആരംഭിക്കുന്ന കരുണയുടെ വർഷാചരണത്തിനുവേണ്ടി ഒരുങ്ങുന്ന സന്ദർഭത്തിലാണ് സഭാശുശ്രൂഷകളിലൂടെ ക്രിസ്തുവിന്റെ കരുണാർദ്രമായ മുഖം നാനാജാതിമതസ്ഥർക്ക് വെളിപ്പെടുത്തി കൊടുക്കുന്നതിൽ ദത്തശ്രദ്ധനായിരുന്ന മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഓർമ്മ ആചരിക്കുന്നത്. അദ്ദേഹത്തിന്റെ ഓരോ വാക്കിലും സമീപനത്തിലും ഈ ആർദ്രത പ്രകടമായിരുന്നു. ക്ഷീണമറിയാതെ മാർ ഗ്രിഗോറിയോസ് പിതാവ് അദ്ധ്വാനിച്ചത് ഈ ആർദ്ര കരുണയിൽ പ്രചോദിതനായിട്ടാണ്. എപ്പോഴും പാവങ്ങളിലേക്കും പാർശ്വവൽക്കരിക്കപ്പെട്ടവരിലേക്കുമായിരുന്നു അദ്ദേഹത്തിന്റെ കണ്ണുകൾ. പട്ടിണിക്കും രോഗത്തിനും അധസ്ഥിതാവസ്ഥയ്ക്കുമെതിരെ പിതാവ് പോരാടി. ആതുര ശുശ്രൂഷയിലും കൃഷിയിലുമൊക്കെ പുതിയ പരീക്ഷണങ്ങൾക്ക് നേതൃത്വം നല്കിയത് അതുകൊണ്ടാണ്. ചെലവുകുറഞ്ഞ ഭവനനിർമ്മാണം ഒരു സംസ്കാരമായി വളർത്തക്കൊണ്ട് വരുവാൻ മാർ ഗ്രിഗോറിയോസ് തിരുമേനി പരിശ്രമിച്ചു. മനുഷ്യനെ സ്പർശിക്കുന്ന സമസ്ത മേഖലകളിലും അദ്ദേഹം ഇടപെടലുകൾ നടത്താൻ ജാഗ്രത പുലർത്തിയത് ഈ കരുതലിന്റെ ഭാഗമായിട്ടാണ്. പിതാവിന്റെ സാന്നിദ്ധ്യവും വാക്കുകളും ശബ്ദവും ഏവർക്കും ആശ്വാസദായകവും മുറിവുകൾ ഉണക്കുന്നതിനും പ്രത്യാശ പകരുന്നതിനും പര്യാപ്തവുമായിരുന്നു.


അഭിവന്ദ്യ പിതാവിന്റെ ജന്മശതാബ്ദി ആചരണത്തിന്റെ ഭാഗമായി സഭയുടെ വിവിധതലങ്ങളിൽ വ്യത്യസ്തമായ പരിപാടികൾ നടന്നുകൊണ്ടിരിക്കുകയാണ്. പിതാവിന്റെ ദർശനങ്ങൾ ഈ തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനും അദ്ദേഹത്തിന് ഏറ്റവും പ്രിയപ്പെട്ട ശുശ്രൂഷകൾ ഏറ്റെടുത്ത് മുന്നോട്ട് കൊണ്ടുപോകുന്നതിനുമായി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ പദ്ധതികളിൽ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു. ഈ കർമ്മപരിപാടികൾ കൂടുതൽ ഉത്സാഹത്തോടെ നമ്മുക്ക് മുന്നോട്ട് കൊണ്ടുപോകാം.

ഭാഗ്യസ്മരണാർഹനായ ബനഡിക്ട് മാർ ഗ്രിഗോറിയോസ് പിതാവിന്റെ ഇരുപത്തിയൊന്നാം ഓർമ്മപ്പെരുന്നാൾ ഒക്ടോബർ 9, 10 തീയതികളിൽ നടക്കുന്നതാണ്. ഒക്ടോബർ 9 വെള്ളിയാഴ്ച വൈകിട്ട് 6 ന് സന്ധ്യാപ്രാർത്ഥനയും കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കും. 10 ന് രാവിലെ 8 മണിക്ക് പട്ടം കത്തീഡ്രൽ ദൈവാലയത്തിൽ അഭിവന്ദ്യ പിതാക്കന്മാരും വൈദികരും ചേർന്ന് സമൂഹബലിയും തുടർന്ന് കബറിങ്കൽ ധൂപപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്.

ഓർമ്മപ്പെരുന്നാളിന്റെ ഭാഗമായി ഒക്ടോബർ 6-ാം തീയതി MCA യുടെ നേതൃത്വത്തിൽ പിതാവിന്റെ തറവാടായ കല്ലൂപ്പാറയിൽ തങ്ങളത്തിൽ ഭവനത്തിൽ നിന്നാരംഭിക്കുന്ന തീർത്ഥാടനയാത്രയിലും 10-ന് രാവിലെ 7 മണിക്ക് നാലാഞ്ചിറ കുരിശ്ശടി ജംഗ്ഷനിൽ നിന്നാരംഭിക്കുന്ന ശാന്തിയാത്രയിലും സംബന്ധിക്കുന്നത് ഏറെ അനുഗ്രഹകരമാണ്. മാർ ഗ്രിഗോറിയോസ് പിതാവിന്റെ അസാന്നിദ്ധ്യം സൃഷ്ടിച്ചിരിക്കുന്ന കുറവ് വിവിധ മേഘലകളിൽ പ്രകടമായി അനുഭവപ്പെടുന്ന ഈ കാലഘട്ടത്തിൽ അദ്ദേഹം ഉയർത്തിപ്പിടിച്ച ദർശനങ്ങളും ആത്മീയതയും പൗരബോധവും പ്രായോഗികമാക്കാൻ നമ്മുക്ക് പരിശ്രമിക്കാം.

റോമിൽ നടക്കുന്ന മെത്രാന്മാരുടെ സാർവ്വത്രിക സിനഡിൽ സംബന്ധിക്കുവാൻ ഞാൻ ഒക്ടോബർ 3-ാം തീയതി റോമിലേക്ക് പോകുകയാണ്. 4-ാം തീയതിമുതൽ നടക്കുന്ന സിനഡിൽ കുടുംബജീവിതമാണ് പ്രാർത്ഥനാപൂർവ്വം ചർച്ചചെയ്യുന്നത്. സിനഡിലൂടെ ആവശ്യമായ വെളിച്ചവും ദിശാബോധവും സഭയ്ക്കും ലോകത്താകമാനവും ലഭ്യമാകുവാൻ എല്ലാവരും ആത്മാർത്ഥമായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. നിങ്ങളെ എല്ലാവരേയും ദൈവം ധാരാളമായി അനുഗ്രഹിക്കട്ടെ!

കർത്താവിൽ സ്നേഹപൂർവ്വം,



**✠ കർദ്ദിനാൾ ബസേലിയോസ് ക്ലീമീസ് ബാവാ**
മലങ്കര സുറിയാനി കത്തോലിക്കാസഭയുടെ
മേജർ ആർച്ചുബിഷപ്പ്-കാതോലിക്കോസ്.
തിരുവനന്തപുരം മേജർ അതിരൂപതയുടെ അദ്ധ്യക്ഷൻ.

# സഭാവാർത്തകൾ

## 18-ാ മത് എപ്പിസ്കോപ്പൽ സിനഡ്

മലങ്കര കത്തോലിക്കാസഭയുടെ 18-ാം മത് എപ്പിസ്ക്കോപ്പൽ സിനഡ് 2015 സെപ്തംബർ 21, 22 തീയതികളിൽ തിരുവല്ല അതിരൂപതയിൽ മേരിഗിരി അരമനയിൽ വച്ചു നടന്നു. നമ്മുടെ സഭയുടെ തലവനും പിതാവുമായ കർദ്ദിനാൾ ബസ്സേലിയോസ്സ് ക്ലീമിസ്സ് ബാവയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സിനഡിൽ സഭയിലെ പിതാക്കർ പങ്കെടുത്തു.

85-ാ മത് പുനരൈക്യവാർഷികം അനുഗ്രഹകരമായി സംഘടിപ്പിച്ച ഏവർക്കും സിനഡ് അഭിനന്ദനങ്ങൾ അറിയിച്ചു. സഭയ്ക്ക് വിവിധങ്ങളായ അപ്പസ്തോലികശുശ്രൂഷയെ സിനഡ് വിശദമായി വിലയിരുത്തി.

## സന്യാസ വർഷ തീർത്ഥാടനം



സന്യാസവർഷം പ്രമാണിച്ച് ബത്തേരി രൂപതയിൽ ശുശ്രൂഷ ചെയ്യുന്ന സന്യസ്തരുടെ ആദ്കോൺഗ്രിഗേഷനെ പ്രതിനിധീകരിച്ച് 50 സന്യാസിനികൾ, പുനരൈക്യത്തിന്റെ പ്രഭവസ്ഥാനമായ മുണ്ടൻ ബഥനി മലയിലും, തോമാശ്ലീഹായുടെ പാദസ്പർശം കൊണ്ട് പവിത്രമായ നിലയ്ക്കൽ എക്യൂമെനിക്കൽ ദേവാലയത്തിലും, ദൈവദാസനായ മാർ ഈവാനിയോസ് തിരുമേനി അന്ത്യവിശ്രമം കൊള്ളുന്ന പട്ടം ദേവാലയവും സന്ദർശിച്ച് പ്രാർത്ഥിച്ചു. പട്ടം ദേവാലയത്തിൽ നടത്തപ്പെട്ട വി.കുർബ്ബാനയിൽ രൂപതാദ്ധ്യക്ഷനും, വൈദീകനും, സന്യസ്തരും ധാരാളം വിശ്വാസികളും പങ്കെടുത്തു. രൂപദ്ധ്യക്ഷനോടൊപ്പം സന്യസ്തർ നടത്തിയ ഈ തീർത്ഥാടനത്തിന് രൂപതാ കറസ്പോണ്ടന്റ് പെ.ബഹു. ടോണി കോഴിമണ്ണിലച്ചനും, ഫാ. ജോൺ ചരുവിള (പ്രൊക്യുറേറ്ററും) യച്ചനും ക്രമീകരണങ്ങൾ നൽകി. ഈ തീർത്ഥാടനം അവിസ്മരണീയമായ അനുഭവങ്ങൾ പകർന്നു.

## ജൂബിലി ആഘോഷം

ബത്തേരി രൂപതാംഗവും, ഇപ്പോൾ അമേരിക്കയിലെ റീനൊ രൂപതയിലെ വൈദീകനുമായി സേവനം അനുഷ്ഠിക്കുന്ന ഡോ. ജോസഫ്

ചരിവുപുരയിടത്തിലച്ചന്റെ രജത ജൂബിലി റീനൊ രൂപതയിൽ വച്ച് നടത്തപ്പെട്ടു. വന്ദ്യപിതാവ് പ്രസ്തുത ആഘോഷത്തിൽ പങ്കെടുത്തു. ജൂബിലി ആശംസകൾ നേർന്നു.

# രൂപതാ വാർത്തകൾ

## ഇ- പാർസനേജ് ഉദ്ഘാടനം



ബത്തേരി ഭദ്രാസനത്തിലെ ആദ്യത്തെ ഇ-പാഴ്സനേജ് പുൽപ്പള്ളി സെന്റ് ജോർജ്ജ് ദേവാലയത്തൽ അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. പ്രോട്ടോവികാരി ഫാ.മാത്യു മുണ്ടക്കോടിയിൽ, ഇടവക വികാരി ഫാ.ലാസർ പുത്തൻകണ്ടത്തിൽ, കമ്മറ്റി അംഗങ്ങൾ, ഇടവകജനങ്ങൾ എന്നിവർ സന്നിഹിതരായിരുന്നു.

## സന്ദർശിച്ചു

ഒക്ടോബർ 11-ാം തീയതി മുതൽ 22-ാം തീയതി വരെ അഭിവന്ദ്യ പിതാവ് അമേരിക്കയിലെ വിവിധ മിഷൻ കേന്ദ്രങ്ങൾ സന്ദർശിക്കുകയും വിവിധ ഇടങ്ങളിൽ വി. ബലി അർപ്പിക്കുകയും ചെയ്തു.

## മീഡിയ കമ്മീഷൻ



ബത്തേരി ഭദ്രാസനത്തിന്റെ വിവധങ്ങളായ പ്രവർത്തനങ്ങൾ പൊതുജനമധ്യേ അറിയിക്കുന്നതിനും, രൂപതയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി രൂപം കൊടുത്തിട്ടുള്ള മീഡിയ കമ്മീഷന്റെ മീറ്റിംഗ് ബത്തേരി മാർ ഗ്രിഗോറിയോസ് നോളജ് സെന്ററിൽ വച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ പിതാവ് മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. പി.ആർ.ഒ. ഫാ. തോമസ് ചാപ്രത്തും മീഡിയ കമ്മീഷൻ അംഗങ്ങളും ചടങ്ങിൽ സന്നിഹിതരായിരുന്നു. കെ.സി.ബി.സി. മീഡിയ കമ്മീഷൻ സെക്രട്ടറി ഫാ. ജോളി വടക്കനച്ചൻ ക്ലാസ്സ് നയിച്ചു.

## സുവിശേഷ സന്ധ്യ

രുപതയിൽ രൂപീകരിച്ചിട്ടുള്ള സുവിശേഷ സംഗത്തിന്റെ ധ്യാനം അരമന യിൽ വച്ച് നടത്തപ്പെട്ടു. അവരുടെ പ്രവർത്തനമണ്ഡലങ്ങൾ എങ്ങനെ നിർവ്വ ഹിക്കണമെന്ന് അഭിവന്ദ്യ പിതാവ് മാർഗനിർദ്ദേശവും ഉപദേശവും നൽകി.

## ഡി.എഫ്.ഒ. ഓഫീസ് മാർച്ച്



വന്യമൃഗശല്യം തടയണമെന്നാവിശ്യ പ്പെട്ട് ശ്രേയസ്, നിലമ്പൂർ മേഖല ഘടകങ്ങളും, എം.സി.എ. യും സംയുക്തമായി നടത്തിയ നിലമ്പൂർ DFO മാർച്ച് അഭിവന്ദ്യ പിതാവ് ഉദ്ഘാ ടനം ചെയ്തു. മനുഷ്യന്റെ ആവാസവ്യ വസ്ഥയിലേക്ക് മൃഗങ്ങൾ കടന്നു വരാ തിരിക്കാൻ നടപടികൾ സ്വീകരിക്കാൻ അധികൃതർ തയ്യാറാകണമെന്ന് പിതാവ് ആവശ്യപ്പെട്ടു.

## കെ.സി.എസ്.എൽ ശതാബ്ദി സംഗമം



വല്ലാർപാടത്ത് വച്ചു നടന്ന കെ.സി.എസ്.എൽ ശതാബ്ദി മഹാ സംഗമത്തിൽ അഭിവന്ദ്യപിതാവ് പങ്കെടുത്തു. വല്ലാർപാടം ദേശീയ മരിയൻ തീർത്ഥാടന കേന്ദ്രത്തിൽ വച്ച് നടന്ന സംഗമം കർദ്ദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ ഉദ്ഘാടനം ചെയ്തു. വിദ്യാർത്ഥികൾ മൂല്യങ്ങളുടെ വ്യക്താക്കളാകണം എന്ന് അഭിവന്ദ്യ പിതാവ് ഓർമ്മിപ്പിച്ചു. ഇന്ത്യയിലെ 22 രൂപതകളിൽ നിന്നായി വിദ്യാർത്ഥികൾ പങ്കെടുത്തു.

## ഉത്സവ് 2015



എം.സി.വൈ.എം. ന്റെ രൂപതാ കലോത്സവം ഒക്ടോബർ 23, 24 തീയതികളിൽ ബത്തേരിയിൽ വച്ച് നടത്തപ്പെട്ടു. സമാപന സമ്മേള നത്തിൽ അഭിവന്ദ്യ പിതാവ് പങ്കെടുക്കുകയും വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

# ഉന്നതവിദ്യാഭ്യാസവേദി

## ഗുരുദേവ് ആർട്സ് & സയൻസ് കോളേജ്

അഭിനന്ദനങ്ങൾ

കണ്ണൂർ യൂണിവേഴ്സിറ്റി തലത്തിൽ നടന്ന നീന്തൽ മത്സരത്തിൽ ഒന്നാം സമ്മാനം കരസ്ഥമാക്കിയ ആർലെറ്റ് ആൻഡ്രൂസിന് രൂപതയുടെ ആശംസകൾ



## അൽഫോൻസാ ആർട്സ് & സയൻസ് കോളേജ്

### പുസ്തക ചർച്ച സംഘടിപ്പിച്ചു

**ബത്തേരി:-** അൽഫോൺസാ ആർട്സ് ആന്റ് സയൻസ് കോളേജിൽ വിദ്യാർത്ഥികൾക്കായി പുസ്തകചർച്ച സംഘടിപ്പിച്ചു. സാറാജോസഫിന്റെ ഊരുകാവൽ എന്ന നോവലാണ് ചർച്ച ചെയ്യപ്പെട്ടത്. കോളേജ് സെമിനാർ ഹാളിൽ സെപ്തംബർ മുപ്പതിന് ഉച്ചയ്ക്ക് നടന്ന ചർച്ച പ്രിൻസിപ്പൽ പ്രൊഫ. ടി. മോഹൻബാബു ഉദ്ഘാടനം ചെയ്തു. മലയാളവിഭാഗം മൂന്നാം വർഷ വിദ്യാർത്ഥി ഹരീഷ് ഒ പുസ്തകവതരണം നടത്തി. വിദ്യാർത്ഥിക ളായ വിഷ്ണു, അശ്വതി വിജയൻ. ജീന, നൗഫൽ, ഡിന്നു തുടങ്ങിയവർ പുസ്തകത്തെ അധികരിച്ച് സംസാരിച്ചു. നവ സംസ്കാരത്തിൽ അവഗ ണിക്കപ്പെടുന്ന ദളിത്, സ്ത്രീ വിഭാഗങ്ങളെ ഊരുകാവൽ അവതരിപ്പിക്കു ന്നതായും ഈ നോവലിന് സമകാലിക പ്രാധാന്യം ഏറെയുണ്ടെന്നും രാമാ യണ കഥാപാത്രമായ അംഗദന് പുതിയ പരിവേഷം നോവൽ മുന്നോട്ട് വച്ചതായും തിരിച്ചറിയാൻ പുസ്തക ചർച്ചയിലൂടെ സാധിച്ചു.

### മലയാളത്തിന്റെ മധുരവുമായ് മകാരം മത്തായി

ബത്തേരി: വിദ്യാർത്ഥികൾക്ക് ഹരവും ആവേശവുമായും മാതൃഭാഷയെ കുറിച്ചുള്ള അവബോധവും ഉണർത്തിക്കൊണ്ട് അൽഫോൻസാ ആർട്സ്

ആന്റ് സയൻസ് കോളേജിൽ മകാരം മത്തായിയുടെ സാന്നിധ്യം മകാരം ഗാന്ധി മത്തായി എന്ന മാത്യു ലിംക ബുക്ക് ഓഫ് വേൾഡ് റെക്കോർഡിൽ പേര് നേടിയ വ്യക്തിയാണ്. ഏത് വാക്കും നിമിഷങ്ങൾക്കുള്ളിൽ മകാര രൂപത്തിലാക്കി അവതരിപ്പിക്കുന്ന മകാരം മാത്യു ഇക്കഴിഞ്ഞ സെപ്തം ബർ മുപ്പതിനാണ് കോളേജിൽ എത്തിയത്. കോളേജിൽ വിദ്യാർത്ഥികളു മായി സംവദിക്കുവാനും, നാടൻ പാട്ടുകൾ ആലപിക്കാനും അദ്ദേഹം സമയം കണ്ടെത്തി. അദ്ദേഹത്തിന്റെ സാന്നിധ്യവും, പ്രഭാഷണവും വിദ്യാർത്ഥിക ളെ ആവേശം കൊള്ളിച്ചു.

## വിദ്യാർത്ഥികൾക്ക് നവോൻമേഷമായി യോഗ പരിശീലനം

**ബത്തേരി:** അൽഫോൻസ ആർട്സ് ആന്റ് സയൻസ് കോളേജിൽ വിദ്യാർത്ഥികൾക്കായി യോഗ പരിശീലനം ആരംഭിച്ചു. കോളേജിലെ മല യാള വിഭാഗം വിദ്യാർത്ഥികൾക്കാണ് ആദ്യഘട്ടത്തിൽ യോഗപരിശീലനം നടത്തിയത്. ഒക്ടോബർ 9, 12 തിയ്യതികളിലായാണ് പരിശീലനം ക്ലാസു കൾ നടത്തിയത്. മലയാള വിഭാഗം മേധാവി ഇന്ദിര ടീച്ചറാണ് പരിശീലന ക്ലാസ് നടത്തിയത്. വിദ്യാർത്ഥികളോടൊപ്പം അധ്യാപകരും ക്ലാസിൽ പരി ശീലനം നേടി. വിദ്യാർത്ഥികളുടെ ശാരീരികവും, മാനസികവും ബൗധിക വുമായ ഉണർവാണ് യോഗയിലൂടെ ലക്ഷ്യമാക്കിയതെന്ന് ഇന്ദിര ടീച്ചർ പറഞ്ഞു. യോഗ ക്ലാസുകൾ വളരെ ഉപകാരപ്രദമായെന്നാണ് വിദ്യാർത്ഥി കൾ പ്രതികരിച്ചത്.

## ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു

**ബത്തേരി:** അൽഫോൻസ ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികൾക്കായി ഒക്ടോബർ 16 ന് ആരോഗ്യവും തൊഴിലും എന്ന വിഷയത്തിൽ ബോധവൽക്കരണ ക്ലാസ് സംഘടിപ്പിച്ചു. കോളേജ് സെമി നാർ ഹാളിൽ വെച്ച് പ്രിൻസിപ്പൽ പ്രൊഫ.ടി മോഹൻബാബു ഉദ്ഘാടനം നിർവ്വഹിച്ചു. വിനായക ആശുപത്രിയിലെ ഡോക്ടർ ജിതേന്ദ്രനാഥ് വിദ്യാർത്ഥികൾക്ക് ക്ലാസെടുത്തു. വിമൺസ് സെല്ലിന്റെ നേതൃത്വത്തിൽ നടന്ന പരിപാടിയിൽ ആരോഗ്യവും തൊഴിലും എങ്ങനെ ബന്ധപ്പെട്ടിരി ക്കുന്നുവെന്നതിനെക്കുറിച്ചും ഡോക്ടർ വിശദീകരിച്ചു. കോളേജ് ബർസാർ ഫാ. പോൾസൺ നന്ദി പ്രകാശിപ്പിച്ചു.

## സൗഹൃദ സാഹിത്യ പുരസ്കാരം

## അർഷാദ് ബത്തേരിക്ക് സമർപ്പിച്ചു

**ബത്തേരി:** സൗഹൃദ സാംസ്കാരിക വേദിയുടെ ഒന്നാം വാർഷികാഘോ ഷവും, സാഹിത്യ പുരസ്കാര സമർപ്പണവും അൽഫോൻസാ കോളേ ജിലെ മലയാളം അസോസിയേഷന്റെ നേതൃത്വത്തിലായിരുന്നു പരിപാടി

കോളേജിൽ സംഘടിപ്പിക്കപ്പെട്ടു. ഒക്ടോബർ 18 ന് കോളേജ് അങ്കണ ത്തിൽ നടന്ന ചടങ്ങിൽ വെച്ച് സൗഹൃദ സാഹിത്യ പുരസ്കാരം കേരള ഫോക്‌ലോർ അക്കാദമി ചെയർമാനായ പ്രൊഫ. മുഹമ്മദ് അഹമ്മദിൽ നിന്നും എഴുത്തുകാരൻ അർഷാദ് ബത്തേരി ഏറ്റു വാങ്ങി. പ്രിൻസിപ്പൽ പ്രൊഫ. ടി. മോഹൻബാബു അദ്ധ്യക്ഷനായ ചടങ്ങിൽ കോളേജിലെ അധ്യാപകരും വിദ്യാർത്ഥികളും പങ്കെടുത്തു. തുടർന്ന് നടന്ന പുസ്തക ചർച്ചയിൽ പ്രൊഫ. കെ. രാജഗോപാലൻ മോഡറേറ്ററായി. സി.വി. ജോയി പുസ്തകാവതരണം നടത്തി. അർഷാദ് ബത്തേരിയുടെ ചുരം കയറുക യാണ് ഇറങ്ങുകയാണ് എന്ന പുസ്തകമാണ് ചർച്ച ചെയ്യപ്പെട്ടത്. സി.ഡി വർഗീസ് നന്ദി പ്രകാശനം നടത്തി.

## ചലച്ചിത്ര പഠന സെമിനാർ സംഘടിപ്പിച്ചു

**ബത്തേരി:** അൽഫോൻസ ആർട്സ് ആന്റ് സയൻസ് കോളേജിലെ വിദ്യാർത്ഥികകൾക്കായി ചലചിത്ര പഠന സെമിനാർ നടത്തി. ഡോക്യു മെന്ററി നിർമ്മാതാവും ചലചിത്ര നിരൂപകനുമായ ഒ.കെ. ജോണി ക്ലാസെ ടുത്തു. കഥ, തിരക്കഥ, ചലചിത്രം എന്ന വിഷയത്തെ ആസ്പദമാക്കിയാണ് സെമിനാർ നടത്തിയത്. പ്രിൻസിപ്പൽ പ്രൊഫ. ടി. മോഹൻബാബു ആമുഖ പ്രഭാഷണം നടത്തി.

ഒരു കഥയെങ്ങനെ തിരക്കഥയാക്കണമെന്നും തിരക്കഥ സിനിമാരൂപത്തി ലാക്കുമ്പോൾ എന്തെല്ലാം സൃഷ്ടിയോന്മുഖ സാങ്കേതിക ഘടകങ്ങൾ വേണമെന്നും ഒ.കെ. ജോണി വിശദീകരിച്ചു. രണ്ടാം വർഷ മലയാള വിഭാഗം വിദ്യാർത്ഥിനി അനു നന്ദി രേഖപ്പെടുത്തി.

## മാർ ബസേലിയോസ് ബി.എഡ് കോളേജ്

### കോളേജ് യൂണിയൻ ഉദ്ഘാടനം 2015 ഒക്ടോബർ 5ന്

**ബത്തേരി :** മാർ ബസേലിയോസ് ബി. എഡ്. കോളേജിലെ 2015-16 ബാച്ചിലെ കോളേജ് യൂണിയൻ ഉദ്ഘാടനം കേരള വിമൺസ് കമ്മീഷൻ ചെയർപേർസൺ ശ്രീമതി. കെ. സി. റോസക്കുട്ടി ടീച്ചർ നിർവഹിച്ചു. ഉദ്ഘാ ടനകർമ്മത്തിന് ബത്തേരി രൂപതാ മെത്രാപൊലീത്ത മോസ്റ്റ് റവ. ഡോ. ജോസഫ് മാർ തോമസ് അദ്ധ്യക്ഷത വഹിച്ചു. ഇതിനോടനുബന്ധിച്ച് ഫൈൻ ആർട്സ് ക്ലബ്ബിന്റെ ഉദ്ഘാടനം പ്രമുഖ റെഡ് എഫ്. എം. റേഡിയോ ജോക്കി ശ്രീ. ആർ ജെ ജിത്തു നിർവഹിച്ചു. ബി. എഡ്. പ്രിൻസി പ്പാൾ ഡോ. സിസ്റ്റർ കുസുമം, ഫാ. സാജൻ വട്ടക്കാട്ട്, കോളേജ് ബർസാർ ഫാ. സാമുവൽ പുതുപ്പാടി, ഡോ. പി. തോമസ്, ശ്രീമതി. സന്ധ്യ കെ.വി, ശ്രീ ടോമി കെ. ഒ. കോളേജ് ചെയർമാൻ ഫാ. മാത്യൂ പള്ളിക്കുന്നേൽ, എന്നിവർ ആശംസകൾ അർപ്പിച്ചു. പുതിയതായി സ്ഥാനമേറ്റ കോളേജ് ചെയർമാൻ ജിതിൻ ജോസ് ഏവർക്കും നന്ദി അർപ്പിച്ചു.

## ട്രാഫിക് ബോധവത്ക്കരണം

മാർബസേലിയോസ് ബി.എഡ് കോളേജിലെ സോഷ്യൽ സയൻസ് ഡിപ്പാർട്ട് മെന്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ 15 ന് ട്രാഫിക് ബോധവത്ക്കരണ പരിപാടി സംഘടിപ്പിച്ചു. ബത്തേരി സബ് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ ശ്രീ. രാധാകൃഷ്ണൻ എ.കെ. ക്ലാസ്സുകൾ നയിച്ചു. കോളേജ് ബർസാർ ഫാ. സാമുവേൽ പുതുപ്പാടി, കോളേജ് ചെയർമാൻ ഫാ. മാത്യു പള്ളികുന്നേൽ, സോഷ്യൽ സയൻസ് ക്ലാസ് സെക്രട്ടറി ഷെഫീക് എന്നിവർ ചടങ്ങിൽ സന്നിഹിതരായിരുന്നു.

# ഐടെക്ക്

## ഐടെക്കിലെ നവാഗതരെ സ്വീകരിക്കൽ




ബത്തേരി ഐടെക്കിൽ 2015–2016 അദ്ധ്യയനവർഷത്തെ പുതിയ വിദ്യാർത്ഥികളുടെ പ്രവേശനം വിദ്യാർത്ഥികളുടേയും രക്ഷാകർത്താക്കളുടേയും മഹനീയ സാന്നിദ്ധ്യത്തിൽ ആഘോഷിച്ചു. ചടങ്ങിൽ ബത്തേരി രൂപത വികാരി ജനറാൾ മോൺ. തോമസ്സ് കാഞ്ഞിരമുകളിൽ, ഫാ.പോൾ കോടാന്നൂർ (സൂപ്പർവൈസിംഗ് മാനേജർ), ശ്രീ.പി.ജി.രാമചന്ദ്രൻ (സബ്.റീജിയിനൽ എംപ്ലോയിമെന്റ് ഓഫീസർ), ശ്രീമതി രാധാ രവീന്ദ്രൻ (പഞ്ചായത്ത് വാർഡ് മെമ്പർ), ഫാ.ബിജു മുടമ്പള്ളി ബിനു ആന്റണി, ജൂലി ഉതുപ്പ് (പ്രിൻസിപ്പാൾസ്) എന്നിവർ പങ്കെടുത്തു.

# വിദ്യാഭ്യാസവേദി

## ഭക്ഷ്യദിനത്തിൽ സാന്ത്വന നിധിയുമായി സെന്റ് ജോസഫ്സ് ഹയർസെക്കന്ററി സ്കൂളിലെ വിദ്യാർത്ഥികൾ

ബത്തേരി: ലോകഭക്ഷ്യദിനത്തോടനുബന്ധിച്ച് സെന്റ് ജോസഫ്സ്

ഹയർസെക്കന്ററി സ്കൂളിലെ +2 വിഭാഗം വിദ്യാർത്ഥികൾ ബത്തേരി നമ്പിക്കൊല്ലി കാരുണ്യ ബാലഭവൻ സന്ദർശിക്കുകയും കുട്ടികളിൽനിന്നും സമാഹരിച്ച സ്നേഹനിധി കൈമാറുകയും ചെയ്തു. +2 വിഭാഗം കോ–ഓർഡിനേറ്റർമാരായ ദീപ, എൽസി, റാണി സെബാസ്റ്റ്യൻ എന്നിവർ നേതൃത്വം നൽകി.

## കോളിയാടി മാർ ബസോലിയോസ് സ്കൂൾ

### ഓസോൺ ദിനാചരണം

കോളിയാടി മാർ ബസേലിയോസ് സ്കൂളിൽ ഒക്ടോബർ 16–ാം തീയതി ഓസോൺ ദിനാചരണം നടത്തി. ഓസോൺ ശോഷണവും കാലാവസ്ഥ വ്യതിയാനവും എന്ന വിഷയത്തെക്കുറിച്ച് ശാസ്ത്ര സാഹിത്യപരിഷത്തിന്റെ നേതൃത്വത്തിൽ പ്രത്യേക സെമിനാർ നടത്തി. പ്രൊഫ. തോമസ് തേവര സെമിനാർ നടത്തുകയും ശാസ്ത്ര ക്ലബ്ബിലെ വിദ്യാർത്ഥികൾ പങ്കെടുക്കുകയും ചെയ്തു. ശാസ്ത്ര സാഹിത്യ പരിഷത്തിന്റെ ജില്ലാ ഭാരവാഹികൾ സെമിനാറിൽ പങ്കെടുത്തു.

### പൂർവ്വ വിദ്യാർത്ഥി സംഘടന

2015 – 16 വർഷത്തിൽ വിപുലമായ ഒരു പൂർവ്വ വിദ്യാർത്ഥി സംഗമം നടത്തുന്നതിന്റെ മുന്നോടിയായി പൂർവ്വ വിദ്യാർത്ഥി സംഘടന രൂപീകരിച്ചു. ഇരുപത് അംഗ കമ്മറ്റിയുടെ പ്രസിഡന്റായി ശ്രീ. റ്റി.കെ. പൗലോസിനേയും സെക്രട്ടറിയായി ശ്രീ. ചന്ദ്രദാസിനേയും തെരഞ്ഞെടുത്തു. സ്കൂളിന്റെ സമഗ്രപുരോഗതിയിൽ ഈ സംഘടനയുടെ പങ്കാളിത്തം ഉറപ്പുവരുത്തി.

### ഇ – ലൈബ്രേറി ഉദ്ഘാടനം

ഭാരത് മാതാ മുതുകാട് എ.യു.പി. സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ സമാഹരിച്ചു നൽകിയ തുക കൊണ്ട് നിർമ്മിച്ച ഇ–ലൈബ്രേറി ഉദ്ഘാടനം ബഹുമാനപ്പെട്ട കേരള ഊർജ്ജവകുപ്പ് മന്ത്രി ശ്രീ. ആര്യാടൻ മുഹമ്മത് നിർവ്വഹിച്ചു. അഭിവന്ദ്യ ജോസഫ് മാർ തോമസ് മെത്രാപോലീത്ത അദ്ധ്യക്ഷനായിരുന്നു. അദ്ധ്യാപകരും, വിദ്യാർത്ഥികളും സന്നിഹിതരായിരുന്നു.

# മാതൃജ്യോതിസ്

## നിറവ് 2015

- മാതൃജ്യോതിസ് രൂപതാ കലോത്സവം 2015 നവംബർ 10ന് ബത്തേരി ശ്രേയസിൽ നടക്കുന്നതാണ്. രാവിലെ 9.30 ന് രജിസ്ട്രേഷൻ ആരംഭിക്കുന്നതും, 10 മണിക്ക് മത്സരങ്ങൾ ആരംഭിക്കുന്നതുമാണ്.
- മാതൃദിന സംഭാവനകൾ നൽകാത്ത യൂണിറ്റുകൾ കലോത്സവത്തിന് വരുമ്പോൾ കൊണ്ടുവരേണ്ടതാണ് എന്ന് അറിയിക്കുന്നു.
- വിവാഹ ഒരുക്ക സെമിനാർ ഡിസംബർ 19 മുതൽ 22 വരെ നടക്കുന്നു.പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ഡിസംബർ 10 ന് മുമ്പ് രജിസ്ട്രേഷൻ നടത്തുന്ന വർക്കായിരിക്കും കോഴ്സിൽ പങ്കെടുക്കുവാൻ അനുവാദം. കോഴ്സ് ഫീ. 900 രൂപയും ആയിരിക്കും രജിസ്ട്രേഷൻ സമയത്ത് 400 അടയ്ക്കേണ്ടതാണ്.

# ഗുരുകുലം സെമിനാരി

## മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണം

ബത്തേരി രൂപതയുടെ കീഴിൽ പുതുതായി ആരംഭിച്ച മാർ ഗ്രിഗോറിയോസ് നോളേജ് സെന്ററിന്റെ ഉദ്ഘാടനത്തിനും, അവിടെ വച്ച് നടത്തപ്പെട്ട മാർ ഗ്രിഗോറിയോസ് അനുസ്മരണ പ്രഭാഷണത്തിലും ഗുരുകുലം കുടുംബം സാന്നിദ്ധ്യം അറിയിച്ചു.

## പുനരൈക്യ വാർഷികം

സെപ്റ്റംബർ 20, 21, 22 തീയതികളിൽ തിരുവല്ലയിൽ വച്ച് നടന്ന 85-ാം പുനരൈക്യ വാർഷികത്തിൽ ഗുരുകുലം കുടുംബം പങ്കെടുത്തു.

# എം.സി.വൈ.എം



മലങ്കര കാത്തലിക്ക് യൂത്ത് മൂവ്മെന്റിന്റെ നേതൃത്വത്തിൽ നടന്ന രൂപതാ കലോത്സവം ഉത്സവ് 2015 സംവിധായകൻ ബേസിൽ ജോസഫ് ഉദ്ഘാടനം ചെയ്തു. ഒക്ടോബർ 24, 25 തീയതികളിൽ ബത്തേരി സെന്റ് ജോസഫ് സ്കൂൾ അങ്കണത്തിൽ നടന്ന പരിപാടികളിൽ രൂപതയിലെ എല്ലാ എം.സി.വൈ.എം. അംഗങ്ങളും പങ്കെടുത്തു. നവാഗത സംവിധായകൻ ശ്രീ. ബേസിൽ ജോസഫ് റെഡ് എഫ്.എം. അവതാരകൻ ആർ.ജെ. ജിത്തു, ചലചിത്ര പിന്നണി ഗായിക സാന്ദ്ര വർഗ്ഗീസ് എന്നിവർ പരിപാടിയിൽ പങ്കെടുത്തു. സമാപന സമ്മേളനം അഭിവന്ദ്യ പിതാവ് ഉദ്ഘാടനം ചെയ്തു. വിജയികൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയും ചെയ്തു.

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

## വാർഷികം ആഘോഷിച്ചു



ബത്തേരി രൂപതാ സെന്റ് വിൻസന്റ് ഡി പോൾ സൊസൈറ്റിയുടെ രണ്ടാം വാർഷികം എടക്കര പള്ളിയിൽ വെച്ച് നടത്തപ്പെട്ടു. അഭിവന്ദ്യ ഡോ. ജോസഫ് മാർ തോമസ് പിതാവ് വാർഷികാഘോഷം ഉദ്ഘാടനം ചെയ്തു. രൂപത പ്രസിഡന്റ് ബ്ര.സുനിൽ ജെ.കുഴിവിളയിൽ അദ്ധ്യക്ഷനായിരുന്നു. വിൻസന്റ് ഡി പോൾ അംഗങ്ങളുടെ പ്രതിജ്ഞ പുതുക്കൽ, ഫാ. തോമസ് ചാപ്രത്തും വീൽചെയർ വിതരണം, എടക്കര മേഖല പ്രോട്ടോ വികാരി റവ.ഫാ. ജോൺ മനയിലും അവയവദാന സമ്മതപത്ര സ്വീകരണം എപ്പിസ്ക്കോപ്പൽ വികാരി റവ. ഫാ. റോയി വലിയ പറമ്പിലും നിർവ്വഹിച്ചു. വന്ദ്യ പിതാവിനെ ആദരിച്ചുകൊണ്ട് റവ.ഫാ. ടോണി കോഴിമണ്ണിൽ പ്രസംഗിച്ചു.

# ശ്രേയസ്

## സംയുക്തയോഗത്തിൽ പങ്കെടുത്തു

മാനന്തവാടിയിൽ വച്ച് ആദിവാസി മേഖലയിലെ പ്രശ്നങ്ങൾ ചർച്ചചെയ്യുന്നതിനും അതിനുള്ള പരിഹാരം കണ്ടെത്തുന്നതിനുമായി ഡോ. ബി. സന്ധ്യ ഐ.പി. എസ്സിന്റെ നേതൃത്വത്തിൽ ജനമൈത്രി പോലീസ്, വിവിധ സന്നദ്ധ സംഘടനകൾ, വിവിധ ഗവൺമെന്റ് ഡിപ്പാർട്ട്മെന്റുകൾ എന്നിവരുടെ സംയുക്താഭിമുഖ്യത്തിൽ നടത്തിയ ശില്പശാലയിൽ ശ്രേയസ് ഗിരിജന വികസന പരിപാടിയുടെ കോ-ഓർഡിനേറ്റർ സി.ഷിൻസി, മേഖല കോ-ഓർഡിനേറ്റർ ശ്രീമതി ഗ്രേസിജോൺ എന്നിവർ പങ്കെടുത്തു.

## വയോജനദിനാഘോഷം

ശ്രേയസ്സ് ഗിരിജന വികസന പ്രവർത്തനങ്ങളുടെ ഭാഗമായി ശ്രേയസ്സ് നടപ്പിലാക്കുന്ന നബാർഡ് -TDF (വാടി) പ്രോജക്ടിന്റെ ഭാഗമായി വയോജനദിനാഘോഷം നടത്തി. ശ്രേയസ്സിൽ വച്ച് വിവിധ കോളനികളിലെ വാടി കുടുംബങ്ങളിൽ നിന്നുള്ള 50 ഓളം വയോജനങ്ങളെ ആദരിച്ചു. ആഘോഷപരിപാടിയുടെ ഉദ്ഘാടനം സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. വിനയൻ നിർവ്വഹിച്ചു. ശ്രേയസ് ഡയറക്ടർ ഫാ. ഡോ ലൂയിസ് പുത്തൻവീട്ടിൽ അദ്ധ്യക്ഷത വഹിച്ചു. വാർഡ് മെമ്പർ ശ്രീമതി ശ്രീജാ ബാലൻ ആശംസകളർപ്പിച്ച് സംസാരിച്ചു. ആഘോഷത്തോടനുബന്ധിച്ച് വയോജനങ്ങൾ അവതരിപ്പിച്ച വിവിധ തനത് കലാപരിപാടികളും ഉണ്ടായിരുന്നു. ശ്രീ. ലെനീഷ് നന്ദി അറിയിച്ചു.

## ഭിന്നശേഷിയുള്ളവർക്ക് ഉപകരണങ്ങൾ വിതരണം ചെയ്തു

ശ്രേയസ് സോഷ്യൽ സർവ്വീസ് സെന്ററിന്റെയും, ബത്തേരി റോട്ടറി ക്ലബ്ബിന്റെയും, തിരുവനന്തപുരം വോക്കേഷണൽ റീഹാബിലിറ്റേഷൻ സെന്ററിന്റെയും ബാംഗ്ലൂർ അലിംകോയുടെയും നേതൃത്വത്തിൽ വയനാട് ജില്ലയിലുള്ള 150 ഓളം ഭിന്നശേഷിയുള്ളവർക്ക് വിവിധതരത്തിലുള്ള ഉപകരണങ്ങൾ വിതരണം ചെയ്തു. പ്രസ്തുത പരിപാടി സുൽത്താൻ ബത്തേരി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. ഒ.എം. ജോർജ്ജ് ഉദ്ഘാടനം ചെയ്തു. സുൽത്താൻ ബത്തേരി ബ്ലോക്ക് വൈസ് പ്രസിഡന്റ് ശ്രീ. കെ.ഇ വിനയൻ അദ്ധ്യക്ഷത വഹിച്ചു. മീറ്റിംഗിൽ ശ്രേയസ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ റവ.ഫാ. ഡോ. ലൂയീസ് പുത്തൻവീട്ടിൽ, റോട്ടറി ക്ലബ് പ്രസിഡന്റ്

ശ്രീ. ജോസ് എന്നിവർ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. റോട്ടറി ക്ലബ് അംഗം ശ്രീ. സണ്ണി സ്വാഗതവും, ശ്രേയസ് സി.ബി.ആർ കോ-ഓർഡിനേറ്റർ സി. ടെസിൻ മരിയ DM നന്ദിയും അർപ്പിച്ചു. 5 മെഡിക്കൽ ക്യാമ്പുകളിലൂടെ 750 ഓളം പേർക്ക് കഴിഞ്ഞ ഒരു വർഷത്തിനിടയിൽ 20 ലക്ഷം രൂപയുടെ MR Kit, Hearing aids, Relator, Wheel chair, Tricycle എന്നിവ വിതരണം ചെയ്യുകയുണ്ടായി.

## ജലനിധി ശുദ്ധജല വിതരണപദ്ധതി ഉദ്ഘാടനം

ഗ്രാമങ്ങളിൽ ശുദ്ധജലവും ശുചിത്വവും ഉറപ്പുവരുത്തുവാൻ കേരളസർക്കാർ നടപ്പിലാക്കുന്ന ജലനിധി പദ്ധതിയുടെ ഭാഗമായി നൂൽപ്പുഴ ഗ്രാമപഞ്ചായത്തിൽ പ്രണവ്-നാഗരംകുന്ന് സമിതിയുടെ കുടിവെള്ളപദ്ധതി ഉദ്ഘാടനം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി സുമാ ഭാസ്ക്കരൻ നിർവ്വഹിച്ചു. വൈസ് പ്രസിഡന്റ് കെ.ടി കുര്യാക്കോസ് അദ്ധ്യക്ഷത വഹിച്ചു. ശ്രീ. സുരേന്ദ്രൻ ആവേത്താൻ, ശ്രീ ഹരിദാസ്, ശ്രീ യോഹന്നാൻ, ശ്രീ. അനൂപ് എന്നിവർ പ്രസംഗിച്ചു.

നാഗരം കുന്നിലെ കുടിവെള്ളക്ഷാമം അനുഭവിക്കുന്ന 50 ഓളം കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്നതാണ് ഈ പദ്ധതി. ജലനിധിയുടെ ഭാഗമായി നൂൽപ്പുഴഗ്രാമപഞ്ചായത്തിൽ ഇതിനോടകം 732 പട്ടികവർഗ്ഗകുടുംബങ്ങൾ ഉൾപ്പെടെ 1212 കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിച്ചുകഴിഞ്ഞു. ശ്രേയസ്സ് സോഷ്യൽസർവ്വീസ് സെന്ററിന്റെ നേതൃത്വത്തിലാണ് പദ്ധതി പരോഗമിക്കുന്നത്.

## നെറ്റ് വർക്ക് മീറ്റിംഗിൽ പങ്കെടുത്തു

കുട്ടികളുടെ സമഗ്ര വികസനത്തിനുവേണ്ടി പ്രവർത്തിക്കുന്ന ബട്ടർഫ്‌ളൈസിന്റെ നേതൃത്വത്തിൽ നാഷണൽ അലൈൻസ് ഫോർ ഗ്രാസ്റൂട്ട് നെറ്റ് വർക്കിലെ അംഗങ്ങളായ സംഘടനകളുടെ സംയുക്തയോഗം ഡൽഹിയിൽ സംഘടിപ്പിച്ചു. പ്രസ്തുതയോഗത്തിൽ ശ്രേയസ്സിൽനിന്നും പ്രോജക്ട് ഓഫീസർ പി.ബി. ശശികുമാർ പങ്കെടുത്തു. വിദ്യാഭ്യാസവും സംരക്ഷണവും എന്ന വിഷയത്തിൽ പ്രബന്ധ അവതരണവും ചർച്ചയും ഉണ്ടായിരുന്നു. കേന്ദ്ര വിദ്യാഭ്യാസ നയരൂപീകരണം സംബന്ധിച്ച ചർച്ചയിൽ ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങൾ കേന്ദ്രമാനവ വിഭവശേഷിവികസന മന്ത്രാലയത്തിന് സമർപ്പിച്ചു.

## സാമൂഹ്യ വിഭവ ഭൂപടം തയ്യാറാക്കൽ

കോഴിക്കോട് ജില്ലയിലെ ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്തിൽ ശ്രേയസ്സ് ഏറ്റെടുത്ത് നടപ്പിലാക്കിവരുന്ന ജലനിധി പദ്ധതിയുടെ ഭാഗമായി പങ്കാളിത്താധിഷ്ഠിത ഗ്രാമവിശകലനത്തിലൂടെ സാമൂഹ്യ വിഭവ ഭൂപടം തയ്യാറാക്കി. ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് പരിപാടി ഉദ്ഘാടനം ചെയ്തു. ജലനിധി ടീം ലീഡർമാരായ ജോസ് പി.സി, ഷാജി കെ.വി. എന്നിവർ ശില്പ

ശാലയ്ക്ക് നേതൃത്വം നൽകി. വിവിധ ഗുണഭോക്തൃ സമിതികളിൽ നിന്നായി 150 പേർ പരിപാടിയിൽ പങ്കെടുത്തു.

## മീറ്റംഗിൽ പങ്കെടുത്തു

വിദ്യാർത്ഥികളുടെ കൊഴിഞ്ഞു പോക്ക് തടഞ്ഞുകൊണ്ട് വിദ്യാഭ്യാസമേഖയെ കൂടുതൽ ശക്തി പെടുത്തുന്നതിന്റെ ഭാഗമായി വയനാട് ജില്ലാകളക്ടറുടെ നേതൃത്വത്തിൽ വിളിച്ചുചേർത്ത് യോഗത്തിൽ ശ്രേയസ്സിൽ നിന്നും എഫ്.ഡി.പി. കോ-ഓർഡിനേറ്റർ ലില്ലി വർഗ്ഗീസ് പങ്കെടുത്തു.

## ബട്ടർഫ്ളൈസ് ഇന്റർനാഷണൽ സെമിനാർ നടത്തി

കുട്ടികളുടെ അവകാശങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന സംഘടനയായ ബട്ടർഫ്ളൈസ് ശ്രേയസ്സിൽ വച്ച് ശില്പശാല നടത്തി. 9 ദിവസം നീണ്ടുനിന്ന ശില്പശാലയിൽ കുട്ടികൾക്കും മുതിർന്നവർക്കും വെവ്വേറെ പരിശീലനം നടത്തി. കൗൺസിലിംഗ് ആയിരുന്നു മുഖ്യവിഷയം. ശില്പശാല ജില്ലാകളക്ടർ ശ്രീ. കേശവേന്ദ്രകുമാർ ഉദ്ഘാടനം ചെയ്തു. റവ. ഫാ. ഡോ. ലൂയീസ് പുത്തൻവീട്ടിൽ, ബട്ടർഫ്ളൈസ് ഡയറക്ടർ ശ്രീമതി റീത്ത പണിക്കർ എന്നിവർ പ്രസംഗിച്ചു. പഠനയാത്രയും കലാപരിപാടികളും ഉൾപ്പെടെ രാജ്യാന്തര നിലവാരത്തിൽ നടന്ന ശില്പശാല അവസാനിച്ചത് കുട്ടികൾ നടത്തിയ പ്രസ്സ് മീറ്റോടു കൂടിയാണ്. ആരോഗ്യവും സമ്പാദ്യശീലവും സംബന്ധിച്ച പത്രപ്രവർത്തകരുടെ ചോദ്യങ്ങൾക്ക് കുട്ടികൾ മറുപടി പറഞ്ഞു. ബട്ടർഫ്ളൈസ് പ്രോജക്ട് കോ-ഓർഡിനേറ്റർ ശ്രീ. ഷാജി കെ.പി. ബട്ടർഫ്ളൈസ് ഇന്റർ നാഷണൽ സെക്രട്ടറിയേറ്റ് പ്രതിനിധി ശ്രീ വിശാൽ, സുബോധ് എന്നിവർ വിവിധ സെക്ഷനുകൾ കൈകാര്യം ചെയ്തു.

## പ്രാർത്ഥനയിൽ ഓർക്കാം



വന്ദ്യ അപ്രേം റമ്പാച്ചൻ
( ഒക്ടോബർ 27)



റവ.ഫാ. ഫിലിപ്പ് കോട്ടുപള്ളി
( നവംബർ 11)

## സംഭാവന

തപോവനം നവംബർ - 2015

| | | |
|---|---|---|
| 1. ശ്രീ. ടോമി കടവിൽ | രാമമംഗലം | 50,000.00 |
| 2. റെജി വി. എസ്, അശ്വതി മെറ്റാലിക്സ് | അടൂർ | 25000.00 |
| 3. ഷെറിൻ എലിസബത്ത് ജോയി കാവുങ്ങൽ | മീനങ്ങാടി | 15000.00 |
| 4. തോമസ്കുട്ടി ചരിവുപുരയിടം | ബത്തേരി | 10000.00 |
| 5. ജെസി ബെന്നി (100 യു. എസ്. ടി) | USA | 6518.00 |
| 6. എൽജൻ ചീരകത്തോട്ടം | കത്തീഡ്രൽ | 5000.00 |
| 7. ബൈജു കയ്യാലത്ത് | ബത്തേരി | 3000.00 |
| 8. വിജയൻ | ചീരാൽ | 3000.00 |
| 9. C/o. ഫാ. സാമുവൽ പുതുപ്പാടി | ബത്തേരി | 3000.00 |
| 10. ഷിന്റോ ദേവസ്യ ചിറമ്മേൽ | കത്തീഡ്രൽ | 3000.00 |
| 11. ഏലിയാസ് ഐക്കൺ സ്റ്റുഡിയോ | ബത്തേരി | 1500.00 |
| 12. സ്കറിയ വേങ്ങാശ്ശേരി | കരുനെച്ചി | 1500.00 |
| 13. സാബു പുതുപ്പാടിയിൽ | ചീരാൽ | 2000.00 |
| 14. ത്രേസ്യാമ്മ ടീച്ചർ | പുൽപ്പള്ളി | 2500.00 |
| 15. സെന്റ് ജോർജ്ജ് മലങ്കര കാത്തലിക് ചർച്ച് | നരാക്കിലക്കാട് | 1500.00 |
| 16. സെന്റ് ജോർജ്ജ് മലങ്കര കാത്തലിക് ചർച്ച് | ചെറുപുഴ | 3000.00 |
| 17. എം. സി. എ. ചീരാൽ യൂണിറ്റ് | ചീരാൽ | 8000.00 |
| 18. എം. സി. എ. ബഢേരി യൂണിറ്റ് | ബഢേരി | 3000.00 |
| 19. ഷാജു ജോൺ, നിർമ്മല എച്ച്. എസ് | എരുമമുണ്ട | 2500.00 |
| 20. ലിന്റു ത്രേസ്യ, നിർമ്മല എച്ച്. എസ് | എരുമമുണ്ട | 2500.00 |
| 21. ഫിയോബ് പി. മാത്യു, നിർമ്മല എച്ച്. എസ് | എരുമമുണ്ട | 1500.00 |
| 22. നോമി മേരി ഇസാഖ് നിർമ്മല എച്ച്. എസ് | എരുമമുണ്ട | 1000.00 |
| 23. ജോസഫ് എം. ജെ., നിർമ്മല എച്ച്. എസ് | എരുമമുണ്ട | 500.00 |
| 24. റോസമ്മ ഫിലിപ്പ്, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 2000.00 |
| 25. മുജീബ് റഹ്മാൻ എ. കെ. നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 1000.00 |
| 26. റെജി റ്റി. നൈനാൻ, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 2000.00 |
| 27. ജെസ്സി വർഗ്ഗീസ്, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 3000.00 |
| 28. ഷിജി മോൾ എസ്, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 1000.00 |
| 29. ജോസ്ന എം. പി., നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 600.00 |
| 30. ഷാജു ചെറിയാൻ, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 3000.00 |
| 31. മുംതാസ് മഹൽ,സി. കെ.,നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 500.00 |
| 32. ബിന്ദു കെ. തോമസ്, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 500.00 |
| 33. ജാഫർ അലി എ. പി. നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 1000.00 |
| 34. ജോൺസൻ വി. പി., നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 1000.00 |
| 35. വിൻസെന്റ് സി. പി. നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 1500.00 |
| 36. അജിൽ ജോസ്, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 500.00 |
| 37. സണ്ണി എം. പി. നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 2000.00 |
| 38. ബിജു പോൾ എ. പി. നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 1500.00 |
| 39. ലിയോ ന്യു മാൻ, നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 3000.00 |
| 40. മുരളീധരൻ കെ. സി. നിർമ്മല എച്ച്. എസ്. എസ് | എരുമമുണ്ട | 500.00 |
| 41. അഖിൻ ഡേവിസ് | മലങ്കര | 500.00 |
| 42. റെജി ചരിവുപുരയിടം | പഴൂർ | 5000.00 |
| 43. അനൂപ്, അമല തുണ്ടിയിൽ | ശശിമല | 5000.00 |

# സ്നേഹഭവൻ

| | | |
|---|---|---|
| C/o സി. സൗമ്യ S.I.C | – | 2000 |
| ഇവാ മോൾ | – | 4500 |
| ബഥനികോൺവന്റ് മുതിരേരി | – | 2500 |
| ജോണി കൊയിലേരി | – | 1000 |
| ശശിമല മാതൃജ്യോതിസ് | – | 2500 |
| കൊളവല്ലി മാതൃജ്യോതിസ് | – | 2500 |
| വെൺമണി മാതൃജ്യോതിസ് | – | 2500 |
| കാർട്ടികുളം – മാതൃജ്യോതിസ് | – | 2500 |
| ഷാജി മുണ്ടനാനിക്കൽ | – | 3000 |

# ബിഷപ്പ് ചാരിറ്റി ഫണ്ട് – സഹായം സ്വീകരിച്ചവർ

| | | |
|---|---|---|
| കുര്യാക്കോസ് (ഭവനം) | – | 10,000 |
| അശോകൻ (മരുന്ന്) | – | 2000 |
| മേരി (വിവാഹം) | – | 3000 |
| മേരി (വിവാഹം) | – | 5000 |

## ബിഷപ്പ് ചാരിറ്റി ഫണ്ടിലേയ്ക്ക് സഹായം നൽകിയവർ

വെളിച്ചാംതോട് സെന്റ് ജേക്കബ് മലങ്കര കത്തോലിക്കാ പള്ളി – 10,000

## ആശംസകൾ നേരാം

### Birthday - November

| | | |
|---|---|---|
| Very. Rev. Fr. Narimattathil Chacko Corepiscopa | - | 04.11.1948 |
| Very. Rev. Msgr. Mattamana Varghese | - | 20.11.1964 |
| Fr. Peruvingal George | - | 10.11.1955 |
| Fr. Plachira Varghese | - | 14.11.1972 |
| Fr. Pokkathayil George | - | 05.11.1984 |
| Fr. Thalikunnel John | - | 10.11.1973 |
| Fr. Mundakodiyil Mathew | - | 16.11.1955 |
| Fr. Panachiparambil Benny | - | 22.11.1968 |
| Fr. Madukammoottil Thomas | - | 28.11.1977 |
| Fr. Chamathayil Thomas | - | 25.11.1953 |

## Feast Day

| | | |
|---|---|---|
| Fr. Maruthoorkandathil Philip | - | November 14 |
| Fr. Mudampallikuzhy Cherian | - | November 05 |
| Fr. Panachiparambil Benny | - | November 14 |
| Fr. Pulipra Philip | - | November 14 |
| Fr. Puthuppady Samuel | - | November 10 |
| Fr. Vilanguparayil Martin | - | November 11 |

## Ordination Day

Very. Rev. Msgr. Dr. Kanjiramukalil Thomas - 01.11.1990
Fr. Kannamkulam Joseph - 19.11.1986

## പ്രത്യേക അറിയിപ്പ്

അടുത്ത മാസത്തെ ബുള്ളറ്റിനിൽ പ്രസിദ്ധീകരിക്കുവാനുള്ള വാർത്തകൾ 15-ാം തീയതിക്കുമുമ്പ് ലഭിക്കേണ്ടതാണ്.
വാർത്തകൾ അയക്കേണ്ടവിലാസം :
dmsbathery@gmail.com



# സ്മരണീയദിനങ്ങൾ

## നവംബർ – 2015

### വചനിപ്പുകാലം

1 – കൂദോശ് ഈത്തോ ഞായർ

3 – പൗലോസ് മാർ പീലക്സിനോസ് തിരുമേനിയുടെ ഓർമ്മ

8 – ഹൂദോശ് ഈത്തോ ഞായർ

10 – സാമുവേൽ നിബിയ, വി. ലിയോ പാപ്പ

12 – അലക്സാൻഡ്രിയായിലെ മാർ യോഹന്നാൻ

13 – സ്വർണ്ണനാവുകാരനായ മാർ ഈവാനിയോസ്

14 – മാർ ഫിലിപ്പോസ് ശ്ലീഹാ

16 – വി. മത്തായി ശ്ലീഹാ

21 – മാതാവിന്റെ ദേവാലയ പ്രവേശനം

22 – മാർ ഫിലേമോൻ

23 – വി. ക്ലമന്റ്, വി. ഫെലിസിറ്റ

28 – വി. കത്രീന

29 – ഗീവർഗ്ഗീസ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ നാമഹേതുക തിരുന്നാൾ

30 – വി. അന്ത്രയോസ് ശ്ലീഹാ




മുതുകാട് ഭാരത് മാതാ എ.യു.പി. സ്കൂളിലെ ഇ-ലൈബ്രറി ഉദ്ഘാടന വേദിയിൽ
അഭിവന്ദ്യ പിതാവ് പ്രസംഗിക്കുന്നു




മാർ ബസേലിയോസ് ബി.എഡ്. കോളേജിലെ 2015-16 ബാച്ചിലെ കോളേജ് യൂണിയൻ ഉദ്ഘാടനം
കേരള വിമൻസ് കമ്മീഷൻ ചെയർപേഴ്സൻ ശ്രീമതി റോസക്കുട്ടി ടീച്ചർ നിർവ്വഹിക്കുന്നു




From:
Chancellor,Bishop's House,Sulthan Bathery
Wayanad,Kerala.India Tel:04936 220207,8086820825
email:dmsbathery@gmail.com